"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

*Vol. XXXVII* *2009 December* *No. 12*
വാർഷിക വരിസംഖ്യ 120 രൂപ, ഒറ്റപ്രതി 10 രൂപ


ഏവർക്കും
ക്രിസ്തുമസ് ആശംസകൾ

# ആദരാഞ്ജലികൾ



**ആർച്ച് ബിഷപ് ഡോ. ഡാനിയേൽ**
**അച്ചാരുപറമ്പിൽ പിതാവിന്**

**മാനന്തവാടി രൂപത മുഴുവന്റെയും**
**പ്രാർത്ഥനാ നിർഭരമായ**
**ആദരാഞ്ജലികൾ.....**

# ഉള്ളടക്കം


ഇടയലേഖനം ............................................................ 903

സർക്കുലർ ............................................................ 907

സർക്കുലർ ............................................................ 909

ഇടയലേഖനം ............................................................ 911

വൈദീകവർഷം ............................................................ 916

സഹവൈദീകർക്കായുള്ള
ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ എഴുത്ത് ................ 918

രൂപതാ കച്ചേരി വാർത്തകൾ.................................... 926

പുനരധിവാസ പ്രവർത്തനങ്ങൾ ............................ 929

Apostolic Constitution Anglicanorum coetibus
Providing for Personal Ordinariates for Anglicans
Entering into Full Communion with the Catholic Church .................. 934

മതബോധനരംഗം ............................................................ 940

ചെറുപുഷ്പമിഷൻലീഗ് ............................................................ 943

കെ. സി. വൈ. എം. ............................................................ 952

കുടുംബപ്രേഷിതത്വം ............................................................ 958

സിയോൻ വാർത്തകൾ............................................................ 964

വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 967

ജയിൽ മിനിസ്ട്രി ............................................................ 969

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............................ 970

സാമൂഹ്യ സേവനരംഗം ............................................................ 973

അറിയിപ്പുകൾ ............................................................ 978

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 982

ബിഷപ്സ് പ്രോഗ്രാം ............................................................ 983

37-ാം പുസ്തകത്തിലെ വിഷയവിവരം ...................... 986



# ഇടയലേഖനം

***Pastoral Letter No. 03/2009***
***Prot. No. 8747/2009***

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**മാർ ജോസ് പൊരുന്നേടം**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ജനനത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ക്രിസ്തുമസ് കടന്നുവരികയാണല്ലോ. അവിടുത്തെ എതിരേൽക്കാൻ നമ്മുടെ ശരീരവും മനസ്സും ആത്മാവും ശുചിയാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായുള്ള നോമ്പ് കാലത്താണ് നാമിപ്പോൾ. ഇത്തരുണത്തിൽ ഇതുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ക്രിസ്തുമസ് വലിയ സന്തോഷത്തിന്റെ അവസരമാണ്. എന്താണ് ആ സന്തോഷത്തിന്റെ കാരണം? പാപത്തിന് അടിമയായിരുന്ന നമ്മെ അവിടുന്ന് അതിൽ നിന്ന് മോചിപ്പിച്ച് നഷ്ടപ്പെട്ട ദൈവപുത്രസ്ഥാനം നമുക്ക് തിരികെത്തന്നു എന്നതാണ് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ആ സന്തോഷത്തിന്റെ കാരണം. ആ സന്തോഷം, തിന്മയിലേയ്ക്ക് ചാഞ്ഞിരിക്കുന്ന മനുഷ്യർക്ക് അതിൽ നിന്ന് മോചനം നേടി ദൈവത്തിന്റെ ഛായയും സാദൃശ്യവും വീണ്ടെടുക്കാൻ അവസരം ഒരുക്കി എന്നത് സന്തോഷകരം തന്നെയാണല്ലോ. പക്ഷേ, അത് നമ്മുടെ തെരഞ്ഞെടുപ്പിനെ ആശ്രയിച്ചാണിരിക്കുന്നത്. കാരണം നമ്മുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താൻ ദൈവം ആഗ്രഹിക്കുന്നില്ല. താത്പര്യമുള്ളവർക്ക് കർത്താവ് സ്ഥാപിച്ച കൂദാശകൾ സ്വീകരിക്കുകയും അവിടുന്ന് കാണിച്ച് തന്ന വഴിയിലൂടെ നടന്ന് ആ സന്തോഷം കൈവരിക്കുകയും ചെയ്യാം.

ക്രിസ്തുമസ് വലിയ പ്രത്യാശയുടെ അവസരവുമാണ്. എന്തെല്ലാം സംഭവിച്ചാലും എത്ര വർഷം കഴിഞ്ഞാലും ദൈവം നമ്മെ കൈവിടുകയില്ല എന്ന വസ്തുതയാണ് ആ പ്രത്യാശയുടെ അടിസ്ഥാനം. രക്ഷകൻ ഇനിയും വരാനിരിക്കുന്നതേയുള്ളു എന്ന് വിശ്വസിക്കുന്ന ഇസ്രായേൽ ജനതയ്ക്ക് ഇന്നും വലിയ പ്രതീക്ഷയോടെ ജീവിക്കാനും ഏത് പ്രതിബന്ധങ്ങളേയും തരണം ചെയ്യാനും ശക്തി നൽകുന്നത് ഈ പ്രത്യാശയാണ്. അങ്ങനെയെങ്കിൽ ആ രക്ഷകനെ കണ്ടെത്തുകയും അനുഭവിച്ചറിയുകയും ചെയ്ത നമുക്ക് എത്രയോ അധികം പ്രത്യാശയോടെ ജീവിക്കാൻ കഴിയേണ്ടതാണ്!

കർത്താവിന്റെ വഴികൾ ലോകത്തിന്റെ വഴികളല്ല, ദൈവത്തെ കൂടാതെ ജീവിക്കാൻ ശ്രമിക്കുന്ന ആളുകളെയാണ് ലോകം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ആശയം വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ ഉടനീളം കാണാവുന്നതാണ്. നമ്മൾ ലോകത്തിന്റെ വഴികൾ അനുസരിച്ചാണ് ജീവിക്കുന്നതെങ്കിൽ അതേപ്പറ്റി നമ്മെ ബോധ്യപ്പെടുത്താനും അവയിൽ നിന്ന് മാറി കർത്താവിന്റെ വഴികൾ തെരഞ്ഞെടുക്കാനും ഉള്ള അവസരമാണ് നോമ്പുകാലം. ആ തെരഞ്ഞെടുപ്പ് നാം നടത്തുമ്പോഴാണ് കർത്താവിന്റെ ജനനം നമ്മുക്ക് സന്തോഷത്തിന്റേയും പ്രതീക്ഷയുടേയും കാരണമായിത്തീരുന്നത്.

ജറൂസലേമിൽ കർത്താവ് ജനിച്ച സ്ഥലത്തും അടക്കപ്പെട്ട സ്ഥലത്തുമുള്ള ദൈവാലയ ഭാഗങ്ങളിൽ ഇന്ന് പ്രവേശിക്കണമെങ്കിൽ വളരെ ചെറിയ വാതിലുകളിലൂടെ നാം കടന്നു പോകണം. വലിയ തടിയുള്ളവർക്കാകട്ടെ അത് വളരെ വിഷമമേറിയതോ അഥവാ അസാധ്യമോ ആയിരിക്കും. അങ്ങനെ അവർക്ക് ആ ദർശനം നഷ്ടപ്പെടുന്നു. നമ്മുടെ മനോഭാവത്തിന്റെ ഒരു പ്രതീകമായി ഇതിനെ കാണാവുന്നതാണ്. കർത്താവിനെ കണ്ടുമുട്ടാനും അവിടുന്നിൽ പ്രത്യാശ വയ്ക്കാനും നമുക്ക് കഴിയണമെങ്കിൽ നാം ചെറുതായേ പറ്റുകയുള്ളു. ഈ വസ്തുതയാണ് വിശുദ്ധ പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിലൂടെ നമ്മെ അനുസ്മരിപ്പിക്കുന്നത്. അദ്ദേഹം പറയുന്നു: *ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനേപ്പോലെ കാണപ്പെട്ടു. മരണം വരെ - അതേ കുരിശുമരണം വരെ - അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി*

(ഫിലിപ്പി 2:6-8). ക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നമുക്കും ഉണ്ടാകണമെന്ന് അദ്ദേഹം ഈ വാചകങ്ങൾക്ക് തൊട്ട്മുമ്പ് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഈ മനോഭാവം ഉള്ളവർക്കാണ് ക്രിസ്തുമസ് സന്തോഷത്തിന്റേയും പ്രത്യാശയുടേയും ഉത്സവമായി മാറുന്നത്. ഈ മനോഭാവം ആർജ്ജിക്കാനാണ് നാം ഈ നോമ്പുകാലത്ത് പരിശ്രമിക്കേണ്ടത്. പരസ്പരം പങ്കുവയ്ക്കുമ്പോഴും ക്ഷമിക്കുമ്പോഴും, വിട്ടുകൊടുക്കുമ്പോഴും സഹിക്കുമ്പോഴും എല്ലാം നാം ചെയ്യുന്നത് സ്വയം ചെറുതാകുകയാണ്. ഈ പ്രക്രിയ നിരന്തരം കുടുംബങ്ങളിലും ഇടവകകളിലും മറ്റ് സമൂഹങ്ങളിലും എല്ലാം നടക്കണം.

വിമാനം പറപ്പിക്കാൻ ഉത്തരവാദിത്വപ്പെട്ട പൈലറ്റുമാർക്കറിയാം അവർ കോക്ക്പിറ്റിൽ എന്തൊക്കെ ചെയ്താലാണ് സുരക്ഷിതമായി ആ വിമാനം ലക്ഷ്യസ്ഥാനത്ത് നിലത്തിറക്കാൻ കഴിയുക എന്ന്. അതിനാൽ അവർ അനാവശ്യമായി അതിലുള്ള ഉപകരണങ്ങളിൽ പിടിക്കുകയോ തന്റെ ശ്രദ്ധ മറ്റെന്തിലേയ്ക്കെങ്കിലും തിരിയ്ക്കുകയോ ചെയ്യുകയില്ല. എന്നാൽ കാണാനുള്ള കൗതുകം കൊണ്ടോ തട്ടിക്കൊണ്ട് പോകാനുള്ള ഉദ്ദേശത്താലോ കോക്ക്പിറ്റിൽ കയറുന്നവർ ചെയ്യുന്നത് അതൊന്നുമല്ലല്ലോ. ക്രിസ്തുമസ്സിന്റെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചോ എന്ന് നാം ആത്മശോധന ചെയ്യാൻ കൂടിയുള്ള അവസരമാണ് നോമ്പുകാലം. ക്രിസ്തുമസിനെ കച്ചവട ശക്തികൾ തട്ടിക്കൊണ്ടുപോയോ എന്ന് നാം അന്വേഷിക്കണം. അവർ തരുന്ന ക്രിസ്തുമസ് വ്യാഖ്യാനങ്ങളുടെ ഇരകളായി നമ്മളും മാറിയോ എന്ന് പരിശോധിച്ചു നോക്കുന്നത് ഉചിതമായിരിക്കും. നാം അവരുടെ ഇരകളായിത്തീർന്നെങ്കിൽ സമ്മാനങ്ങൾ കൈമാറാനും നല്ല ഭക്ഷണം കഴിക്കാനുമുള്ള അവസരം എന്നതിനപ്പുറം പ്രത്യാശയും സന്തോഷവും പ്രദാനം ചെയ്യുന്ന അവസരമായി ക്രിസ്തുമസ് നമുക്ക് അനുഭവപ്പെടുകയില്ല.

രക്ഷകന്റെ വരവിനെ കാത്ത് ഇസ്രായേൽക്കാർ പ്രതീക്ഷയോടെ അനേകായിരം വർഷങ്ങൾ കഴിച്ചു. എന്നാൽ അതിനിടയിൽ രക്ഷകനെപ്പറ്റിയുള്ള അവരുടെ വിശ്വാസം വളരെ ഭൗതികമായിക്കഴിഞ്ഞു. ദാവീദിന്റെ വംശപരമ്പരയിൽ നിന്ന് വരുന്ന ഒരു മഹാ ചക്രവർത്തിയായിരിക്കും മിശിഹാ അഥവാ രക്ഷകൻ എന്നവർ കരുതി. അതുകൊണ്ട് തന്നെ കേവലം ഒരു പശുത്തൊഴുത്തിൽ പിറന്ന ശിശുവിനെ രക്ഷകനായി കാണാൻ അവരിൽ ഭൂരിപക്ഷത്തിനും കഴിഞ്ഞില്ല. ഹേറോദേസ് രാജാവാകട്ടെ തന്റെ സ്ഥാനത്തിന് കോട്ടം തട്ടും എന്ന ചിന്തയിൽ യേശുവിനെ നശിപ്പിക്കാൻ ശ്രമിക്കുന്നു. യേശുവിനെ ഒരു മഹാരാജാവായി

കാണാൻ ശ്രമിക്കുന്നവർക്ക് അവസാനം നിരാശയിൽ നിപതിക്കേണ്ടി വരും. അവിടുത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നവരാകട്ടെ സ്വയം നാശത്തിൽ ചെന്ന് പതിക്കുകയും ചെയ്യും.

കാലിത്തൊഴുത്തിൽ പിറന്ന രക്ഷകന്റെ മുമ്പിൽ നാം സ്വീകരിക്കേണ്ട മനോഭാവം ആരാധനയുടേതും സ്വയം സമർപ്പണത്തിന്റേതുമാണ്. അവിടുത്തെ ആരാധിക്കാൻ വന്ന ആട്ടിടയന്മാരുടെയും പൂജരാജാക്കന്മാരുടേയും മനോഭാവത്തോടെ അവിടെ നിൽക്കാൻ കഴിയുമ്പോഴാണ് നാമവിടുത്തെ രക്ഷകനായി തിരിച്ചറിഞ്ഞു എന്നു പറയാൻ കഴിയുന്നത്. ഈ ക്രിസ്തുമസ് കാലിത്തൊഴുത്തിലെ ശിശുവിൽ മിശിഹായെ തിരിച്ചറിഞ്ഞവരും അവിടുത്തെ വഴികൾ തിരിച്ചറിഞ്ഞവരും എന്ന നിലയിൽ നമുക്ക് ആഘോഷിക്കാം.

രക്ഷകന്റെ ജനനത്തെ ആസ്പദമാക്കി തിരിച്ചിരിക്കുന്ന ക്രിസ്തുവർഷത്തിൽ ഒരു വർഷംകൂടി കടന്നുപോകുകയാണ്. 2009 വർഷത്തിൽ ദൈവം നമുക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും അവിടുത്തേയ്ക്ക് നന്ദി പറയാം. അതുപോലെ തന്നെ കടന്നുവരുന്ന 2010 വർഷം അനുഗ്രഹപ്രദമായിരിക്കുകയും ചെയ്യട്ടെ. കടന്നുപോയ വർഷത്തിൽ നമുക്ക് വന്നുപോയ പരാജയങ്ങളുടെ കാരണങ്ങളെ തിരിച്ചറിഞ്ഞ് അവ തിരുത്തി പുതിയ വർഷത്തിൽ ജീവിതത്തെ വിജയത്തിൽ എത്തിക്കാൻ നമുക്ക് ദൈവകൃപ ലഭിക്കട്ടെ. നിങ്ങളുടെ വ്യക്തിജീവിതങ്ങളിലും കുടുംബജീവിതങ്ങളിലും ഈ ക്രിസ്തുമസ് നൽകുന്ന സന്തോഷവും സമാധാനവും വർഷംമുഴുവൻ നിറഞ്ഞു നിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും കൃപനിറഞ്ഞ ക്രിസ്തുമസ്സും പുതുവർഷവും നേരുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 നവംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- **ഈ ഇടയലേഖനം 2009 ഡിസംബർ മാസം 6-ാം തീയതി ഞായറാഴ്ച വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 11/2009***
***Prot. No. 8748/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ക്രൈസ്തവ വിശ്വാസജീവിതം കർത്താവിന്റെ രക്ഷാകരദൗത്യ നിർവ്വഹണത്തിലാണല്ലോ അർത്ഥം കണ്ടെത്തേണ്ടത്. നമ്മുടെ ആരാധനാക്രമവർഷം രൂപപ്പെടുത്തിയിരിക്കുന്നത് ഈ രക്ഷാകര ചരിത്രത്തിലെ എല്ലാ സംഭവങ്ങളേയും കോർത്തിണക്കിയാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കർത്താവിന്റെ ജനനവും പെസഹാരഹസ്യങ്ങളും. അവിടുത്തെ പീഡാനുഭവം, കുരിശുമരണം, ഉത്ഥാനം എന്നീ കാര്യങ്ങളെയാണ് പെസഹാരഹസ്യങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇക്കാര്യങ്ങളെ അനുസ്മരിക്കുന്ന ദിവസങ്ങൾക്കായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന പുസ്തകങ്ങളാണ് നാം ആരാധനാക്രമത്തിൽ ഉപയോഗിച്ചുവരുന്നത്. സ്വാഭാവികമായും അവയിലെ പ്രാർത്ഥനകളും വായനകളും ഗീതങ്ങളും എല്ലാം അനുസ്മരിക്കപ്പെടുന്ന സംഭവങ്ങളിലേയ്ക്ക് നമ്മുടെ മനസ്സിനേയും ഹൃദയങ്ങളേയും നയിക്കുവാൻ ഉതകുന്നവയും അവയുടെ അർത്ഥവും ദൈവശാസ്ത്രവും മറ്റും മനസ്സിലാക്കിത്തരുന്നവയും ആയിരിക്കണം. സുറിയാനിഭാഷയിലായിരുന്ന ഈ ക്രമങ്ങളെല്ലാം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നിർദ്ദേശാനുസരണം മലയാള ഭാഷയിലാക്കിയാണ് നാം ഇപ്പോൾ ഉപയോഗിച്ച് വരുന്നത്.

സൂനഹദോസ് കഴിഞ്ഞ ഉടനേ തർജ്ജിമ ചെയ്യപ്പെട്ടതും ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നതും ആയ ക്രമങ്ങൾ പൂർണ്ണമായും മൂലഗ്രന്ഥങ്ങളിലെ അർത്ഥവും ദൈവശാസ്ത്രവും ഉൾക്കൊണ്ടിരുന്നില്ല എന്ന ഒരു ചിന്ത പലഭാഗത്ത് നിന്നും ഉണ്ടായി. അതിനാൽ അവയെ ആ രീതിയിലാക്കാനുള്ള ശ്രമങ്ങൾ ഏതാനും വർഷങ്ങളായി നടന്ന് വരുന്നുണ്ടായിരുന്നു. ചില രൂപതകളിൽ അങ്ങനെ മാറ്റം വരുത്തിയ ക്രമങ്ങളും ഉപയോഗിച്ച് തുടങ്ങി. ഇക്കാര്യങ്ങളിൽ രൂപതകളിൽ ഒരു ഏകീകൃത സ്വഭാവം ഇല്ലാതാകാൻ ഇത് ഇടയാക്കിയിട്ടുണ്ട്.

എന്നാൽ നമ്മുടെ സഭയ്ക്ക് ശ്രേഷ്ഠമെത്രാപ്പോലീത്തൻ സംവിധാനം ലഭിച്ചതോടെ ക്രമങ്ങൾ പുന:ക്രമീകരണം ചെയ്ത് എല്ലാ രൂപതകളിലും ഒരുപോലെയാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. അങ്ങനെ പുതുക്കിയ ക്രമങ്ങൾ ക്രിസ്തുമസ്സ്, വലിയ ആഴ്ച എന്നീ അവസരങ്ങളിലേക്കുള്ളത് ഇക്കഴിഞ്ഞ സെപ്തംബർ മാസത്തിൽ നമ്മുടെ ശ്രേഷ്ഠമെത്രാപ്പോലീത്താ ഒരു ഔദ്യോഗിക ഡിക്രിയിലൂടെ പ്രാബല്യത്തിൽ വരുത്തുകയുണ്ടായി. അതോടുകൂടി ഇതുവരെ ഈ അവസരങ്ങളിൽ ഉപയോഗിച്ചിരുന്ന ക്രമങ്ങൾക്ക് നിയമസാധുത ഉണ്ടായിരിക്കുകയില്ല എന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ അവ ഇനി ഉപയോഗിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. തദനുസാരം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം പള്ളികളിൽ അറിയിക്കുകയും പുതിയ പുസ്തകങ്ങൾ അനുസരിച്ച് ക്രമങ്ങൾ നടത്താൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ. പുസ്തകങ്ങളുടെ കോപ്പികൾ രൂപതാ ബുക്കുസ്റ്റാളിൽ ലഭ്യമാണ്. ക്രമങ്ങൾ ഉപയോഗിക്കുന്നതിന് മുമ്പായി ആവശ്യമായ പരിശീലനം വിശ്വാസികൾക്ക് കൊടുക്കുന്നത് അഭികാമ്യമാണ്. ക്രമങ്ങളുടെ അർത്ഥം മനസ്സിലാക്കിക്കൊടുക്കുന്നത് അവയിലുള്ള ഭാഗഭാഗിത്വം സജീവമാക്കാൻ ഉപകരിക്കും. മാത്രമല്ല അതൊരു വിശ്വാസപരിശീലനോപാധി കൂടി ആയിരിക്കും.

ഇതുവരെ ഉപയോഗത്തിലിരുന്ന ക്രമങ്ങൾ മാറുമ്പോൾ അല്പം അസ്വസ്ഥത ഉണ്ടാകുന്നത് സ്വാഭാവികം മാത്രം. എന്നാൽ ഉപയോഗം കൊണ്ട് അവ മാറും എന്നത് നിസ്സംശയമാണ്. പുതിയ പുസ്തകങ്ങൾ സഭയിൽ എല്ലായിടത്തും ഉപയോഗിക്കപ്പെടും എന്നതിനാൽ അതൊരു ഐക്യത്തിന്റെ പ്രതീകം കൂടിയാകും എന്നും നമുക്കോർക്കാം. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 നവംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2009 ഡിസംബർ മാസം 13-ാം തീയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 12/2009***
***Prot. No. 8752/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഏതൊരു സമൂഹത്തിന്റെയും പ്രസ്ഥാനത്തിന്റെയും ശക്തിയാണല്ലോ യുവജനങ്ങൾ. തങ്ങൾ ആദർശമായി സ്വീകരിച്ചിരിക്കുന്ന പ്രസ്ഥാനത്തിന് വേണ്ടി സ്വജീവൻ പോലും കൊടുക്കാൻ തയ്യാറാണവർ. ഏറെ പ്രവർത്തിക്കാനും എന്ത് പ്രതിസന്ധികളേയും തരണം ചെയ്യാനും അവർ ഒരുക്കമായിരിക്കും. സമയാസമയങ്ങളിൽ വേണ്ടതരത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കിട്ടണമെന്ന് മാത്രം. സഭയും ഇതിന് അപവാദമല്ല. യുവജനങ്ങൾക്ക് വേണ്ടിയുള്ള സഭാ പ്രസ്ഥാനമാണ് കെ.സി.വൈ.എം എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കേരള കത്തോലിക്കാ യൂത്ത് മൂവ്മെന്റ്. മാനന്തവാടി രൂപതയിൽ കെ.സി.വൈ.എം വളരെ സജീവമായി പ്രവർത്തനരംഗത്തുണ്ട്. ജീവിതത്തിലെ ഏറ്റവും സുന്ദരകാലഘട്ടമായ യുവത്വം ഈ കാലഘട്ടത്തിലെ സമൂഹത്തിന്റെ ചാലകശക്തിയായി മാറണം. മൂല്യാധിഷ്ഠിതവും വിശ്വാസബന്ധിയുമായ ജീവിതശൈലി ഉൾക്കൊണ്ട് ക്രിസ്തുദർശനത്തിലൂന്നിയ ഒരു പുത്തൻ സംസ്കാരത്തിന് ഉടമകളാകുവാൻ യുവജനങ്ങളെ പ്രേരിപ്പിക്കുകയാണ് അവർ ചെയ്യുന്നത്.

വചനത്തിലൂടെ വിമോചനത്തിലേയ്ക്ക് എന്ന ആദർശ വാക്യം സ്വീകരിച്ച് സേവനപാതയിൽ മുന്നേറുന്ന മാനന്തവാടി രൂപത കെ.സി.വൈ.എം പിന്നിട്ട നാളുകളിൽ പ്രതിബദ്ധതയാർന്ന ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. സമൂഹത്തിന്റെ സ്പന്ദനങ്ങൾ ഏറ്റെടുത്തുകൊണ്ട്, നാടിന്റെ വികസനത്തിനായി നൂതനവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിലൂടെ ശക്തിയാർജിച്ച കെ.സി.വൈ.എം അത് പുനഃസംഘടിപ്പിച്ചതിന്റെ പതിനഞ്ചാം വാർഷികവും, 2009 സംഘടനാ ശാക്തീകരണ വർഷത്തിന്റെ സമാപനവും യുവജനറാലിയും 2009 ഡിസംബർ 21, 22 തീയതികളിൽ ബത്തേരിയിൽ നടത്തുകയാണ്. ഡിസംബർ 21 ന് വൈകിട്ട് പ്രതിനിധി സമ്മേളനവും 22 ന് രാവിലെ 10 മണിക്ക് യുവജനറാലിയും പൊതു സമ്മേളനവും കെ.സി. വൈ.എം ഒരുക്കിയിരിക്കുന്നു.

വചനാധിഷ്ഠിതമായ ജീവിതശൈലി സ്വായത്തമാക്കിയ ഒരു

യുവതലമുറയ്ക്ക് മാത്രമേ സഭയുടെ ശക്തിയാകാൻ കഴിയുകയുള്ളു. ഇന്നത്തെ ലോകത്തിൽ അത്തരം ഒരു ശൈലിയിൽ നിന്ന് അവരെ അകറ്റുന്ന ധാരാളം ശക്തികൾ അവരുടെ ചുറ്റും ഉണ്ട് എന്നത് ഒരു വസ്തുതയാണ്. സാഹസികത ഇഷ്ടപ്പെടുന്ന യുവജനങ്ങൾ പെട്ടെന്ന് തന്നെ അക്രമത്തിലേയ്ക്കും വിധ്വംസക പ്രവർത്തനങ്ങളിലേയ്ക്കും ആകർഷിക്കപ്പെട്ടെന്ന് വരാം. അങ്ങനെ വന്നാൽ അത് സമൂഹത്തിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ ഇന്ന് മാത്രമല്ല ഭാവിയിലും അലയടിച്ചുകൊണ്ടിരിക്കും. അതുപോലെ തന്നെ മത-വർഗ്ഗ ഭീകരതകളിലേയ്ക്കും അവർ നയിക്കപ്പെട്ടുവെന്ന് വരാം. പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഗുണ്ടാസംഘങ്ങളിൽ ഏറിയ പങ്കും യുവജനങ്ങൾ ആണ് എന്ന വസ്തുത നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. അതിനാൽ ക്രൈസ്തവ ദർശനങ്ങളും മൂല്യങ്ങളും ഉയർത്തിപിടിക്കുന്ന ഒരു യുവജന മുന്നേറ്റം ഇന്നിന്റെ ആവശ്യമാണ്. ദൈവവിശ്വാസവും സത്യവും നീതിയും സമാധാനവും ലാളിത്യവും പരസ്പര ബഹുമാനവും എല്ലാം ആ ദർശനങ്ങളിലും മൂല്യങ്ങളിലും ഉൾപ്പെടുന്നു.

കെ.സി.വൈ.എം രൂപതാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ യുവജനസംഗമത്തിന് നമ്മുടെ രൂപതയിലെ എല്ലാ യുവജനങ്ങളും പങ്കെടുക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റർമാരും സമർപ്പിതരും ഇടവകാഭാരവാഹികളും അതോടൊപ്പം മാതാപിതാക്കളും പ്രത്യേകം താൽപര്യം എടുത്ത് അവർ പങ്കെടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കെ.സി.വൈഎം യൂണിറ്റ്, മേഖലാഭാരവാഹികളും ഇതിൽ വേണ്ട ശ്രദ്ധ ചെലുത്തേണ്ടതാണ്. അങ്ങനെ നമുക്കെല്ലാവർക്കും ചേർന്ന് ഈ യുവജനസംഗമം വൻവിജയമാക്കാം. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 നവംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2009 ഡിസംബർ മാസം 13-ാം തീയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# ഇടയലേഖനം

***Prot. No. 874/2009***

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ
**കർദ്ദിനാൾ വർക്കി വിതയത്തിൽ**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

വൈദികവർഷമായി രണ്ടായിരത്തിഒമ്പത് – രണ്ടായിരത്തിപത്ത് പരിശുദ്ധപിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. സാർവ്വത്രികസഭ വൈദികവർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ വൈദികരെക്കുറിച്ചും വൈദികർ വഴി മനുഷ്യകുലത്തിനു മുഴുവൻ ലഭിച്ചുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ദിവ്യരക്ഷകനായ ക്രിസ്തുനാഥൻ മനുഷ്യരക്ഷക്കായി ആവിഷ്കരിച്ച പദ്ധതിയിൽ വൈദികർക്കും വൈദികരുടെ ശുശ്രൂഷകൾക്കും വളരെ നിർണ്ണായകമായ സ്ഥാനമാണുള്ളത്. തന്റെ രക്ഷാകരദൗത്യം തുടരുന്നതിന് തന്നോടുകൂടെ ആയിരിക്കുവാനും രക്ഷയുടെ സന്ദേശം പ്രസംഗിക്കുന്നതിന് അയക്കപ്പെടുവാനും വേണ്ടി അവിടുന്ന് പന്ത്രണ്ട് പേരെ തിരഞ്ഞെടുത്ത് നിയോഗിച്ചു. ക്രിസ്തുവാകുന്ന മൂലക്കല്ലിൽ അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടിട്ടുള്ള സഭാസമൂഹത്തിന്റെ (എഫേ. 2:20) മുന്നോട്ടുള്ള പ്രയാണത്തിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ സഹപ്രവർത്തകരായി സമൂഹത്തിന് ശുശ്രൂഷ അർപ്പിക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് നിയുക്തരാകുന്നവരാണ് വൈദികർ.

ദൈവജനം മുഴുവനും മാമ്മോദീസയും സ്ഥൈര്യലേപനവും വഴി ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നവരാണെങ്കിലും (1 പത്രോ. 2:9) തന്റെ ശരീരമായ സഭയ്ക്ക് ശുശ്രൂഷകളർപ്പിച്ച് അതിനെ സംരക്ഷിക്കാനും വളർത്താനും വേണ്ടി പുരോഹിതരായും പ്രബോധകരായും ഇടയന്മാരായും വൈദികരെ നിയമിച്ചിരിക്കുന്നു. (1 കൊറി. 12:27-31) ദൈവജനത്തെ വിശുദ്ധീകരിക്കുവാനും പഠിപ്പിക്കുവാനും നിയുക്തരാകുന്ന വൈദികർ ക്രിസ്തുവിന്റെ ഈ മൂന്നു ദൗത്യങ്ങളിലാണു പങ്കുചേരുന്നത്. തിരുപ്പട്ടം വഴി ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുന്ന വൈദികർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നത് മേൽപ്പറഞ്ഞ ദൗത്യങ്ങൾ വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുന്നതിലൂടെയാണ്. ജനനം മുതൽ മരണം വരെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും സഭാമക്കൾ വളരുന്നതും പരിപോഷിപ്പിക്കപ്പെടുന്നതും വിശ്വാസജീവിതത്തിൽ ദൃഢത പ്രാപിക്കുന്നതും ശുശ്രൂഷക്കായി നിയോഗിക്കപ്പെടുന്ന വൈദികരിലൂടെയാണ്. ഓരോ വ്യക്തിയുടേയും ജീവിതത്തിലും സമൂഹതലത്തിലും വൈദികരുടെ ശുശ്രൂഷയ്ക്ക് ഏറെ പ്രാധാന്യം നൽകിപ്പോരുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. കുടുംബത്തിൽ പിതാവിനുള്ള സ്ഥാനം ഇടവകയാകുന്ന കുടുംബത്തിന്റെ കേന്ദ്രസ്ഥാനത്ത് നിൽക്കുന്ന വൈദികന് നമ്മൾ നൽകുന്നു. അതുപോലെ തന്നെ രൂപതയുടെ കേന്ദ്രസ്ഥാനത്തുള്ള മെത്രാന്മാരുടെ നേതൃത്വത്തെ നമ്മൾ അംഗീകരിക്കുന്നു.

വൈദികവർഷം പ്രഖ്യാപിക്കപ്പെട്ടതിന്റെ ഒരു ലക്ഷ്യം ലോകമെമ്പാടുമുള്ള വൈദികരുടെ ജീവിതം നവീകരിക്കപ്പെട്ട് വിശുദ്ധീകരിക്കുകയെന്നതാണ്. അതു സാധിക്കണമെങ്കിൽ വൈദികരും ദൈവജനം മുഴുവനും പൗരോഹിത്യമെന്ന ദൈവത്തിന്റെ മഹാദാനത്തെക്കുറിച്ചുള്ള തിരിച്ചറിവു സമ്പാദിക്കണം. മനുഷ്യകുലത്തിനു ദൈവം നൽകിക്കൊണ്ടിരിക്കുന്ന വലിയ ഒരു ദാനമാണ് പൗരോഹിത്യം. അഭിഷിക്തരാകുന്ന മെത്രാന്മാരേയും വൈദികരേയും ദൈവത്തിന്റെ തന്നെ സ്ഥാനത്ത് നമ്മൾ കാണുകയും അവരിലൂടെ ദൈവത്തിന്റെ സാന്നിദ്ധ്യം നമുക്ക് സംലഭ്യമാകുകയും ചെയ്യുന്നു എന്നാണല്ലോ നമ്മൾ വിശ്വസിക്കുക. ഒരു വൈദികനെ കാണുമ്പോൾ ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ എന്നു നമ്മൾ പറയുന്നതിന്റെ അർത്ഥമതാണ്. സമൂഹത്തിന്റെ

വിവിധ മണ്ഡലങ്ങളിൽ മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ സുസ്ഥിതിക്കും പുരോഗതിക്കും വേണ്ടി അക്ഷീണം അധ്വാനിച്ചുകൊണ്ടിരിക്കുന്നവരാണു നമ്മുടെ വൈദികർ. അതിൽ നമുക്ക് അഭിമാനിക്കാം. ഭാരതത്തിലും പുറത്തുമുള്ള പ്രേഷിതപ്രവർത്തനരംഗത്തു സീറോമലബാർസഭയുടെ വൈദികർ നിർണ്ണായകമായ സംഭാവനകളാണു നൽകിക്കൊണ്ടിരിക്കുന്നത്. അജപാലനരംഗത്തു നമ്മുടെ സഭയിൽ ആത്മീയഗുരുക്കന്മാരായി പ്രവർത്തിക്കുന്നതോടൊപ്പം വൈദികർ വിദ്യാഭ്യാസമേഖലയിലും സാമൂഹ്യപ്രവർത്തന തലങ്ങളിലും പ്രശംസനീയമായ സേവനമാണ് കാഴ്ചവെയ്ക്കുന്നത്. യേശുവിന്റെ സ്ഥാനത്തുനിന്നു അവർ നമ്മുടെ സഭയിൽ ചെയ്തുകൊണ്ടിരിക്കുന്ന സ്തുത്യർഹമായ പൗരോഹിത്യശുശ്രൂഷയ്ക്കു ദൈവത്തോടു ഞാൻ നന്ദി പറയുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

തങ്ങളുടെ വിളിയിൽ ഉറച്ച് നിന്ന് ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ വിളിച്ച നാഥനോടു വിശ്വസ്തത പുലർത്തി പുരോഹിതശുശ്രൂഷ തുടരുവാൻ വൈദികർ പ്രാപ്തരാകുന്നതിന് ദൈവജനം മുഴുവൻ അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതുണ്ട്. ദീർഘമായ പ്രാർത്ഥനയ്ക്കു ശേഷമാണു ക്രിസ്തുനാഥൻ അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തത്. (മർക്കോ. 3:13-19) തന്റെ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കാൻ അവിടുന്ന് ആഹ്വാനം ചെയ്തിരിക്കുന്നു. (മത്താ.9:38) തന്റെ ജനത്തിനുവേണ്ടി ഇടയധർമ്മം അനുഷ്ഠിക്കാൻ പ്രാപ്തരായ ഇടയന്മാരെ ദൈവംതന്നെ തിരഞ്ഞെടുത്ത് അയയ്ക്കുമെന്ന പ്രവാചകവചനം (എസെക്കിയേൽ 34:11-16) പൂർത്തിയാക്കിക്കൊണ്ട് നല്ല ഇടയനായി അവതരിച്ച ദൈവപുത്രന്റെ ദൗത്യമാണ് ബലഹീനരായ മനുഷ്യരിലൂടെ ദൈവം നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ നിരന്തരമായ സഹായം വൈദികർക്ക് ആവശ്യമായിരിക്കുന്നു. നിത്യവും അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ നാമെല്ലാവരും കടപ്പെട്ടിരിക്കുന്നു. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. (യോഹ.15:5) എന്ന തിരുവചനം ദൈവജനം മുഴുവനും ഹൃദയത്തിൽ ഏറ്റുവാങ്ങേണ്ടതുണ്ട്.

വൈദികവർഷ പ്രഖ്യാപനത്തിന്റെ പശ്ചാത്തലം ആർസിലെ വികാരിയായിരുന്ന വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമവാർഷികമാണ്. 1859-ൽ നിര്യാതനായ അദ്ദേഹം ഇടവക വികാരിമാരുടെ മദ്ധ്യസ്ഥനായിട്ടാണ് അറിയപ്പട്ടിരുന്നത്. വൈദികവർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ അദ്ദേഹത്തെ എല്ലാ വൈദികരുടേയും മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു കഴിഞ്ഞു. 2009-ലെ തിരുഹൃദയത്തിരുനാളിൽ ആരംഭിച്ച വൈദികവർഷം 2010-ലെ തിരുഹൃദയത്തിരുനാളിലാണ് സമാപിക്കുക. തിരുഹൃദയത്തിരുനാൾ വൈദികരുടെ വിശുദ്ധീകരണദിനവും കൂടിയാണ്. ആർസിലെ വികാരിയായിരുന്ന വി. ജോൺ മരിയ വിയാനി ശുശ്രൂഷക്കായി നിയോഗിക്കപ്പെട്ടത് ദൈവസ്നേഹം മന്ദീഭവിച്ച ഒരു ഇടവകയിലേക്കായിരുന്നു. എന്നാൽ അദ്ദേഹത്തിലൂടെ ദൈവം അവിടെ അത്ഭുതങ്ങൾ പ്രവർത്തിച്ചു. ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഒരു വിനീത ഉപകരണമായി അദ്ദേഹം അവിടെ പ്രവർത്തിച്ചു. നമ്മുടെ നാട്ടിൽ അടുത്തകാലത്ത് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ ഇടവകവൈദികരുടെ മറ്റൊരു ഉജ്ജ്വല മാതൃകയാണ്. വിനയാന്വിതനായ അദ്ദേഹം തന്റെ എളിയ ശുശ്രൂഷയിലൂടെ വിശുദ്ധിയുടെ പാരമ്യത്തിലെത്തിയ പുണ്യാത്മാവാണ്.

വൈദികരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും അവർ നൽകുന്ന നേതൃത്വത്തോട് സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന നല്ല പാരമ്പര്യമാണ് പൊതുവേ നമ്മൾ പുലർത്തിപോരുന്നത്. ദൈവരാജ്യസ്ഥാപനമെന്ന ക്രിസ്തുനാഥന്റെ സങ്കല്പത്തെ യാഥാർത്ഥ്യമാക്കുന്നതിൽ വൈദികഗണത്തോടു ചേർന്നു പ്രവർത്തിക്കുന്നവരെന്ന നിലയിൽ അത്മായർക്കു നിർണ്ണായകമായ സ്ഥാനമാണ് സഭയിലുള്ളത്. വൈദികവർഷാചരണത്തോടുകൂടി വൈദികരും അത്മായരും തമ്മിലുള്ള ആത്മബന്ധം കൂടുതൽ ആഴപ്പെടണം. അതോടൊപ്പം ദൈവത്തിനും സഭയ്ക്കും വേണ്ടി സമർപ്പിക്കപ്പെട്ടവരെന്ന നിലയിൽ വൈദികർ കൂടുതൽ ഫലപ്രദമായ ശുശ്രൂഷയ്ക്ക് നിസ്വാർത്ഥമായ ആത്മാർപ്പണത്തിലൂടെ സജ്ജരാകണം. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ.15/16) എന്നും യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്നും

(മത്താ.28/20) വാഗ്ദാനം ചെയ്ത നാഥൻ നമ്മെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കാം. വൈദികരുടെ രാജ്ഞിയും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യാമറിയത്തിന്റെ മാധ്യസ്ഥത്തിനും സംരക്ഷണത്തിനുമായി നമ്മുടെ എല്ലാ വൈദികരേയും നമുക്ക് സമർപ്പിക്കാം. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2009-ാം ആണ്ട് നവംബർ മാസം 4-ാം തീയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB:- **ഈ ഇടയലേഖനം 2009 ഡിസംബർ 20-ാം തീയതി ഞായറാഴ്ച വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

**നമ്മുടെ വിചിന്തനത്തിന്**

"വിശ്വാസികളിൽ ഓരോരുത്തരുടെയും കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതിൽ മാത്രമല്ല വൈദികധർമ്മം അടങ്ങിയിരിക്കുന്നത്. ഒരു യഥാർത്ഥ ക്രിസ്തീയ സമൂഹം കെട്ടിപ്പടുക്കുന്നതും അവരുടെ കാര്യം തന്നെ. സമൂഹചൈതന്യം യഥോചിതം അവർ കൈവളർത്തണം. പ്രാദേശികസഭയിൽ മാത്രം തങ്ങിനിൽക്കാതെ സാർവ്വത്രികസഭയിലേയ്ക്കും അത് പ്രസരിക്കണം. ഒരു പ്രാദേശികസഭാസമൂഹം അവിടെയുള്ള വിശ്വാസികളുടെ മാത്രം കാര്യം അന്വേഷിച്ചാൽ പോര; പ്രേഷിത തീക്ഷ്ണതയാൽ പൂരിതരായി സകലമനുഷ്യരേയും ക്രിസ്തുവിലേയ്ക്ക് നയിക്കുന്ന വഴിയൊരുക്കാൻ അവർക്ക് കടമയുണ്ട്.... ദിവ്യബലിയെ അടിസ്ഥാനവും, കേന്ദ്രബിന്ദുവുമാക്കിയല്ലാതെ ഒരു ക്രിസ്തീയജീവിതം കെട്ടിപ്പടുക്കുക സാധ്യമല്ല. ദിവ്യബലി അർപ്പണത്തിൽ നിന്നായിരിക്കണം സാമൂഹ്യബോധത്തിന്റെ അഭ്യസനം ആരംഭിക്കുവാൻ. വിവിധ പരസ്നേഹ പ്രവർത്തനങ്ങളിലേക്കും പരസ്പര സഹകരണത്തിലേക്കും മിഷൻ പ്രവർത്തനങ്ങളിലേക്കും ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ ഉതകുന്ന മറ്റുമാർഗ്ഗങ്ങളിലേക്കും അവരെ നയിക്കുമ്പോഴാണ് ഈ ബലിയർപ്പണം ആത്മാർത്ഥവും പരിപൂർണ്ണവുമാവുക," (രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രമാണരേഖ; വൈദികർ – 6) കൗൺസിലിന്റെ പഠനങ്ങൾ നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം. ക്രിസ്തുമസ് മംഗളാശംസകൾ.

## അഖണ്ഡ ആരാധന നടത്തേണ്ട സ്ഥലങ്ങൾ

| Date | | Name of Parish / Institution |
|---|---|---|
| **January** | **1** | SH Convent, Chungakkunnu |
| '' | 2 | DSC Convent, Chungakkunnu |
| '' | 3 | SKD Convent, Kelakam |
| '' | 4 | SH Convent, Kottiyoor |
| '' | 5 | CMC Convent, Nelliody |
| '' | 6 | SH Convent, Ottaplavu |
| '' | 7 | FC Convent, Palchuram |
| '' | 8 | FC Convent, Santhigiri |
| '' | 9 | SH Convent, Velloonni |
| '' | 10 | SH Convent, Charity |
| '' | 11 | SABS Convent, Edappetty |
| '' | 12 | FC Convent, (Fathima Hospital), Kalpetta |
| '' | 13 | FC Convent, (Oldage Home), Kalpetta |
| '' | 14 | SABS Convent, Kalpetta |
| '' | 15 | SCV Convent, Kalpetta |
| '' | 16 | SH Convent, Kalpetta |
| '' | 17 | SPG Convent, Kalpetta |
| '' | 18 | CMC Convent, Kolavayal |
| '' | 19 | SH Convent, Nedumpala |
| '' | 20 | SR Convent, Rippon |
| '' | 21 | SABS Convent, Thenery |
| '' | 22 | SCJM Convent, Thenery |
| '' | 23 | SH Convent, Vazhavatta |
| '' | 24 | SH Convent, Vythiri |
| '' | 25 | SABS Convent, Alattil |
| '' | 26 | SKD Convent, Elappedika |
| '' | 27 | SABS Convent, Karimani |
| '' | 28 | OSA Convent, Kuttimoola |
| '' | 29 | SABS Convent, Cathedral |
| '' | 30 | MSI Convent, Cathedral |
| '' | 31 | Jose Bhavan, Cathedral |

**ഫാ. ബെന്നി മുതിരക്കാലായിൽ**
കൺവീനർ, വൈദീകവർഷാചരണ കമ്മിറ്റി

Prot. No. 875/2009

# വൈദിക വർഷത്തോടനുബന്ധിച്ച് (2009 – 2010) സീറോ മലബാർ സഭയിലെ തന്റെ സഹവൈദികർക്കായുള്ള ശ്രേഷ്ഠമെത്രാപ്പോലീത്തയുടെ എഴുത്ത്

**പ്രിയ വൈദികരേ,**

വൈദികവർഷം ആചരിക്കുന്ന ഈ അവസരത്തിൽ പൗരോഹിത്യമെന്ന വലിയ ദാനത്തെ സംബന്ധിച്ച ചില ചിന്തകൾ നിങ്ങളുമായി പങ്കുവെയ്ക്കുന്നതിനാണ് ഈ കത്തെഴുതുന്നത്. ദൈവരാജ്യ നിർമ്മിതിയിൽ നിർണ്ണായകമായ പങ്കുവഹിക്കുവാനുള്ള ദൈവവിളി ലഭിച്ചവരാണല്ലോ വൈദികരായ നിങ്ങളും സഭയുടെ മേലദ്ധ്യക്ഷശുശ്രൂഷ നിർവഹിക്കാൻ നിയോഗിക്കപ്പെട്ട സഭാധ്യക്ഷന്മാരും ബലഹീനനായ ഞാനും. നമ്മൾ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ് (1 കൊറി 3:8). തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു (മർക്കോ. 3:14–15) എന്ന തിരുവചനം അപ്പസ്തോല പിൻഗാമികളായ മെത്രാന്മാരെപ്പറ്റിയും അവരുടെ കൈവയ്പ്പുശുശ്രൂഷ വഴി പൗരോഹിത്യം സ്വീകരിച്ചവരെപ്പറ്റിയും വാസ്തവമാണ്.

ദൈവത്തിന്റെ മഹാദാനമായി പൗരോഹിത്യത്തെ കണക്കാക്കാൻ ദൈവജനത്തെ പ്രേരിപ്പിക്കുന്നത് ഈ വിശ്വാസമാണ്. ഈ വിശ്വാസം തന്നെയാണു തീക്ഷ്ണമായവിധം അജപാലന ശുശ്രൂഷയിൽ ഏർപ്പെടാൻ വൈദീകരായ നിങ്ങളെ പ്രേരിപ്പിക്കുന്നതും. ഹൃദയം നിറയെ ഈശോയുടെ സ്നേഹവുമായി അനേകായിരങ്ങളെ സ്നേഹിക്കാനും പാപികളും ദു:ഖിതരും നിരാലംബരുമായവർക്ക് സമാശ്വാസവും സഹായവും നൽകുവാനും നിങ്ങൾക്കു കഴിയുന്നു. എത്രയോ ജീവിതങ്ങൾക്ക് നിങ്ങളുടെ പ്രാർത്ഥനയും സ്നേഹസാമീപ്യവും, പ്രോത്സാഹനവും, ദൈവാനുഗ്രഹത്തിനു കാരണമാകുന്നു. പ്രിയപ്പെട്ട വൈദികരേ, പൗരോഹിത്യത്തിന്റെ തനിമയും അതിന്റെ ആനന്ദവും കൂടുതലായി മനസ്സിലാക്കാനും അനുഭവിക്കാനും തീവ്രമായ തീക്ഷ്ണതയോടെ നിങ്ങളുടെ ശുശ്രൂഷകൾ നിറവേറ്റാനും നിങ്ങൾക്കു കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു. നിങ്ങളെപ്പറ്റിയുള്ള എന്റെ ചില പ്രതീക്ഷകളും ബോദ്ധ്യങ്ങളും ഇവിടെ കുറിക്കട്ടെ.

സമ്പൂർണ്ണ സമർപ്പണം ആവശ്യപ്പെടുന്ന, മൗലിക സ്വഭാവമുള്ള, സാഹസപൂർണ്ണമായ ഒരു വിളിയാണ് പൗരോഹിത്യജീവിതം എന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകില്ല (ലൂക്ക 9:62). ദൈവരാജ്യ സൃഷ്ടി സ്വപ്നം കണ്ടുകൊണ്ടു ജീവിക്കാൻ വിളിക്കപ്പെട്ടവരാണു നമ്മൾ. ലോകത്തിന്റെ വ്യാമോഹങ്ങളും കണക്കുകൂട്ടലുകളുമല്ല നമ്മുടെ ജീവിതത്തെ നയിക്കുന്നത്. ഏൽപിക്കപ്പെട്ട ദൗത്യം അത് എത്ര ക്ലേശപൂർണ്ണമാണെങ്കിലും വലിയ അർപ്പണ മനോഭാവത്തോടെ നിർവഹിക്കുന്നവരാണു നിങ്ങൾ. സീറോമലബാർ സഭയ്ക്ക് മഹത്തായ ഒരു പൗരോഹിത്യ പാരമ്പര്യമുണ്ട്. കഠിനാദ്ധ്വാനവും അർപ്പണ മനോഭാവവും ആത്മീയതയും നിറഞ്ഞുനിൽക്കുന്ന ഒരു ജീവിതക്രമത്തിന്റെ ശൈലി എന്നും വൈദികർ പുലർത്തിയിട്ടുണ്ട്. വെറും ഒന്നര ശതമാനം മാത്രം വരുന്ന കത്തോലിക്കാസഭാസമൂഹം ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ നടത്തുന്ന വിവിധ സേവനശുശ്രൂഷകൾ ഇതിന്റെ തെളിവാണ്.

നിങ്ങളിൽ ചിലർ, പ്രത്യേകിച്ചു മിഷൻ മേഖലകളിൽ പ്രവർത്തിക്കുന്നവർ വളരെ അപകടസാഹചര്യങ്ങളിലാണു ശുശ്രൂഷ ചെയ്യുന്നത്. സുവിശേഷ പ്രഘോഷണത്തിനായി ഈശോ തിരഞ്ഞെടുത്ത അപ്പസ്തോലന്മാരിൽ വിശുദ്ധ യോഹന്നാനൊഴികെ മറ്റെല്ലാവരും രക്തസാക്ഷികളായി മരിച്ചുവെന്ന വസ്തുത ചരിത്രത്തിൽ ഉടനീളം ദൈവരാജ്യ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവർക്കു ആവേശവും വിസ്മയനീയമായ കരുത്തും പകർന്നിട്ടുണ്ട്. സുവിശേഷം പ്രസംഗിക്കുന്നതിൽ പൗലോസ് അപ്പസ്തോലൻ കാണിച്ച അടങ്ങാത്ത തീക്ഷ്ണത എന്നും വലിയ മാതൃകയായി നിലകൊള്ളുന്നു. നിങ്ങളുടെ പൗരോഹിത്യ ശുശ്രൂഷ എത്ര ക്ലേശകരമാണെങ്കിലും, ആരുടേയും അംഗീകാരം കിട്ടിയില്ലെങ്കിലും അർപ്പണ മനോഭാവത്തോടെ നിർവഹിക്കുവാൻ നിങ്ങൾക്കു കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു.

വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ ജീവചരിത്രം നിങ്ങൾ എല്ലാവരുംതന്നെ വായിച്ചിട്ടുണ്ടാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. 150 വർഷങ്ങൾക്കപ്പുറം ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ മനോഭാവങ്ങളും പ്രവർത്തനശൈലികളും സമീപനങ്ങളും ലോകോത്തര ആത്മീയപിതാവായി അദ്ദേഹത്തെ മാറ്റി. വിളിച്ചവനായ ദൈവത്തിൽ പൂർണ്ണമായും ആശ്രയമർപ്പിച്ചുകൊണ്ടാണ് അദ്ദേഹം വിശ്വാസം മന്ദീഭവിച്ച ആർസ് ഇടവകയിൽ പ്രവർത്തനനിരതനായത്. തന്റെ എളിയ പ്രവർത്തനത്തിലൂടെ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. അതിനായി അദ്ദേഹം നീണ്ട മണിക്കൂറുകൾ

പ്രാർത്ഥനയിൽ ചെലവഴിച്ചുവെന്നാണു ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നത്. നാമെല്ലാവരും കർത്താവിന്റെ കരങ്ങളിലെ നിസ്സാരരായ ഉപകരണങ്ങൾ മാത്രമാണെന്ന സത്യം മനസ്സിലാക്കാൻ ഇതു സഹായകരമാകണം. കർത്താവു ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർത്ഥമാണ്. (സങ്കീ. 127) എന്ന തിരുവചനം നിങ്ങളുടെ മനസ്സിൽ എന്നും ഉണ്ടാകണം.

നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തൻമൂലം നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും (യോഹ. 15:16) എന്ന തിരുവചനം വിയാനി പുണ്യവാൻ മനസ്സിൽ എന്നും കാത്തുസൂക്ഷിച്ചിട്ടുണ്ടാകണം. നിസ്സാരരായ അപ്പസ്തോലന്മാരിലൂടെ അത്ഭുതങ്ങൾ പ്രവർത്തിച്ചവനായ കർത്താവു തന്റെ കൂടെ ഉണ്ടെന്ന വലിയ ബോദ്ധ്യത്തോടെയാകും വിശുദ്ധൻ തന്റെ അജപാലന പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോയത്. അത്ഭുതകരമായ ഫലസിദ്ധിയാണ് അദ്ദേഹത്തിനുണ്ടായത്. വിശ്വാസത്തിന്റെ ആഴമായ ഈ അനുഭവം നമുക്കുണ്ടാകുമ്പോഴാണു നമ്മുടെ പ്രവർത്തനങ്ങൾ ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ഫലദായകമാകുന്നത്. ഈ വലിയ വിശ്വാസം സ്വന്തമാക്കാൻ നിങ്ങൾ വൈദികവർഷത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുമല്ലോ.

ഈശോയുടെ നിശ്ചയവും നിയോഗവും അനുസരിച്ചാണു നമുക്കോരോരുത്തർക്കും നമ്മുടെ പ്രവർത്തന മേഖല നിശ്ചയിക്കപ്പെടുന്നത്. നമുക്കായി നിശ്ചയിക്കപ്പെട്ട സ്ഥലത്തും സാഹചര്യങ്ങളിലും കർത്താവിന്റെ രാജ്യം സ്ഥാപിക്കപ്പെടുന്നതിനാണു നാം നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ നാം ആസൂത്രണം ചെയ്യുന്ന ഓരോ കർമ്മപരിപാടിയും അതു ദൈവരാജ്യത്തിന് എത്ര ചേർന്നതാണെന്നു പ്രാർത്ഥനാപൂർവ്വം ആലോചിച്ചു വേണം തീരുമാനിക്കാൻ. പലപ്പോഴും പേരിനും പ്രശസ്തിക്കും വേണ്ടിയുള്ള മോഹം കാരണം നമ്മുടെ പ്രവർത്തനങ്ങൾ ദൈവദൃഷ്ടിയിൽ സ്വീകാര്യമാകാതെ പോകുന്നില്ലേയെന്നു നാം സംശയിക്കണം. വൈദികശുശ്രൂഷയുടെ ഫലസിദ്ധി എത്ര നല്ലനിയോഗത്തോടെ അതു നിർവ്വഹിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണ് എന്ന കാര്യത്തിൽ ഒട്ടും സംശയം വേണ്ട. നമ്മുടെ ഈ കാലഘട്ടത്തിൽ

ജീവിച്ചു മരിച്ച വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ മാതൃക ഈ രംഗത്തെ ജീവനുള്ള സാക്ഷ്യമാണ്.

ലോകത്തിന്റെ അളവുകോലുകൾവച്ചു അളന്നുതിട്ടപ്പെടുത്താൻ പറ്റിയ ഒന്നും തന്നെ അദ്ദേഹത്തിനു അവകാശപ്പെടാനുണ്ടായില്ല. നീണ്ട 49 വർഷക്കാലം അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ചെയ്യുക മാത്ര മാണ് അദ്ദേഹം ചെയ്തത്. അതും ഏറ്റവും എളിയവരും നിരാലംബരു മായവരുടെ ഇടയിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. മനുഷ്യന്റെ വിലയിരുത്തലുകൾ ദൈവത്തിന്റേതിൽ നിന്നും വ്യത്യസ്ഥമാണെന്ന സത്യമാണു വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ജീവിതം വ്യക്തമാക്കുന്നത്.

ലോകത്തിന്റെ കണക്കുകൂട്ടലുകളും മാത്സര്യത്തിന്റെ ശൈലികളും നമ്മുടെ പ്രവർത്തനമേഖലകളിലേക്കു കടന്നുകയറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അതിൽ നാം വിജയിക്കുന്നതിനെ ആശ്ര യിച്ചാണു ദൈവരാജ്യസ്ഥാപനം നടക്കുക. കണക്കുകൂട്ടി തിട്ടപ്പെടു ത്താൻ കഴിയുന്നതൊക്കെ നശ്വരങ്ങളാണെന്ന സത്യം നാം അറിഞ്ഞി രിക്കണം. സ്വാർത്ഥതയും അഹന്തയും സ്പർശിക്കാത്ത, ശുദ്ധനിയോഗം കൊണ്ടു സംശുദ്ധമാക്കപ്പെട്ട പ്രവർത്തനങ്ങളേ ആത്യന്തികമായി ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യമാകൂ. അവ മാത്രമേ ദൈവരാജ്യ സൃഷ്ടിക്ക് ഉപകാരപ്പെടുകയുള്ളു. ഈ അനിഷേദ്ധ്യമായ സത്യമാണ് വി. ജോൺ മരിയ വിയാനിയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും നമ്മെ പഠി പ്പിക്കുന്നത്.

ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹ. 15:5) എന്നു അന്ത്യഅത്താഴവേളയിൽ അപ്പ സ്തോലന്മാരോടു യേശുനാഥൻ പറഞ്ഞ വാക്കുകൾ വൈദികവർഷ ത്തിൽ നമ്മുടെ പ്രത്യേക ധ്യാനവിഷയമാകണം. എങ്കിലേ ഈ വർഷാ ചരണത്തിന്റെ ലക്ഷ്യമായ ആന്തരിക നവീകരണം നേടാൻ നമുക്കു കഴിയുകയുള്ളൂ.

കർത്താവു നമ്മിൽ വസിക്കുന്നതിനും നാം കർത്താവിൽ ആയിരി ക്കുന്നതിനുമുള്ള പ്രധാനമാർഗ്ഗം വചനധ്യാനവും പ്രാർത്ഥനയുമാണ്. പൗരോഹിത്യ ശുശ്രൂഷയ്ക്കു ശക്തിയും ഉണർവും നൽകുന്നത് പ്രാർത്ഥനാജീവിതമാണെന്ന് എല്ലാ ആത്മീയപിതാക്കന്മാരും പഠിപ്പിക്കു ന്നുണ്ട്. ദൈവവിചാരം എപ്പോഴും മനസ്സിൽ കൊണ്ടുനടക്കുകയും ദൈവ വചനം അനുദിനം ധ്യാനവിഷയമാക്കുകയും ചെയ്തുകൊണ്ട് ജീവി ക്കാൻ കഴിഞ്ഞാൽ നിങ്ങളുടെ സംസാരത്തിലും പെരുമാറ്റത്തിലും

ദൈവികമായൊരു ചൈതന്യം നിങ്ങളുമായി ഇടപെടുന്നവർക്ക് അനുഭവപ്പെടും എന്നതു തീർച്ചയാണ്. ഈശോയുടെ സ്ഥാനക്കാരായ നിങ്ങളിൽനിന്നു അതു വിശ്വാസികൾ പ്രതീക്ഷിക്കുന്നുണ്ടെന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ എന്നു വൈദികരുടെ മുമ്പിൽ കൈകൂപ്പിനിന്നുകൊണ്ട് സഭാമക്കൾ ആശംസ അർപ്പിക്കുന്നതിന് ആഴമായ അർത്ഥങ്ങളുണ്ട്. ഈശോയുടെ സ്ഥാനക്കാരായിട്ടാണു വൈദികരെ അവർ കാണുന്നത്.

ഈശോയുടെ മനോഭാവങ്ങളും പെരുമാറ്റശൈലികളും സ്വന്തമാക്കാനുള്ള വലിയ വെല്ലുവിളിയാണ് ഇതുണർത്തുന്നത്. ഈശോയുടെ സ്നേഹം നിറഞ്ഞുനിൽക്കുന്ന ഹൃദയവുമായി നിങ്ങളുടെ ഹൃദയങ്ങൾ താദാത്മ്യം പ്രാപിക്കുമ്പോഴാണു പൗരോഹിത്യത്തിന്റെ യഥാർത്ഥ തനിമ നിങ്ങൾക്കു സ്വന്തമായി എന്ന് അവകാശപ്പെടാനാകുകയുള്ളു. കൂദാശകൾ പ്രത്യേകിച്ചു കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്യുന്ന അവസരങ്ങളിൽ ദൈവസാമീപ്യത്തിന്റെ അനുഭവം വിശ്വാസികൾക്കുണ്ടാകണം. പൗരോഹിത്യവും പുരോഹിതശുശ്രൂഷയും ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിന്റേയും ആർദ്രതയുടേയും തുടർച്ചയാണ്. ദൈവസ്നേഹത്തിന്റെ ആൾരൂപമായ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലാണല്ലോ നമ്മൾ പങ്കുചേരുന്നത്. ദിവ്യകാരുണ്യത്തിൽനിന്നു ചൈതന്യം സ്വീകരിച്ച് മനുഷ്യർക്കു ബലിയായി മാറുന്ന വൈദികൻ ദൈവകാരുണ്യത്തിന്റെ കാണപ്പെടുന്ന രൂപമാണ്.

അപ്പസ്തോലന്മാരുടെ പാദക്ഷാളനത്തിലൂടെ ഈശോ നൽകുന്ന അഗാധമായ വിനയത്തിന്റെ പാഠം നിങ്ങളുടെ മനസ്സിൽ ആഴമായി പതിയണം. എല്ലാ മനുഷ്യരോടും വിശിഷ്യ നിരാലംബരും നിസ്സഹായരുമായവരോടും പ്രത്യേക സ്നേഹം പ്രകടിപ്പിക്കാനും അവരെ അംഗീകരിക്കാനും ഈ വൈദികവർഷത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കണം. ഈശോയുടെ പ്രവർത്തനശൈലിയാണല്ലോ ഇക്കാര്യത്തിൽ നമുക്കു മാതൃകയാകേണ്ടത്.

അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ സഹപ്രവർത്തകരെന്ന നിലയ്ക്കു വൈദികർ തങ്ങളുടെ മെത്രാനുമായി ആഴമായ സ്നേഹബന്ധവും അനുസരണവും പാലിക്കാൻ കടപ്പെടുന്നു. കൗദാശികസ്വഭാവമുള്ള ഒരു ബന്ധമാണത്. യേശുക്രിസ്തുവാകുന്ന മൂലക്കല്ലിന്മേലും അപ്പസ്തോലന്മാരാകുന്ന അടിത്തറമേലും പണിതുയർത്തപ്പെട്ട ആത്മീയഭവനമാണു സഭ (എഫേ. 2:19) എന്ന പൗലോസ് അപ്പസ്തോലന്റെ പ്രസ്താവന എക്കാലത്തും പ്രസക്തിയുള്ളതാണ്.

അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും സഭയിൽ ദൈവം നൽകുന്ന കേന്ദ്രസ്ഥാനം സഭയുടെ അടിസ്ഥാന സ്വഭാവങ്ങളിലാണല്ലോ. വൈദികരായ നിങ്ങൾ രൂപതാദ്ധ്യക്ഷനോടൊപ്പം അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കുമ്പോഴാണ് പൗരോഹിത്യശുശ്രൂഷ ഫലമണിയുന്നത്. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ ജീവിതത്തിലെ വളരെ ഹൃദയാവർജ്ജകമായ ഒരു സംഭവമുണ്ട്. ദളിതു കത്തോലിക്കർക്കുവേണ്ടി ഒരു ദേവാലയം പണിയുന്നതിന് അദ്ദേഹം കുറേയേറെ പണം സമാഹരിച്ചു. പള്ളിപണിക്കുള്ള അനുവാദത്തിനായി രൂപതാദ്ധ്യക്ഷനായിരുന്ന വയലിൽ പിതാവിനെ സമീപിച്ചപ്പോൾ പള്ളി പണിയുന്നതിനുള്ള അനുവാദം നിഷേധിക്കുകയും ആ പണം ഒരു ആശുപത്രി പണിയുന്നതിനായി എൽപിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. വളരെ സന്തോഷത്തോടെ അദ്ദേഹം അതു ചെയ്തു. വീരോചിതമായ പുണ്യമാണ് ഈ അനുസരണത്തിൽ നമുക്കു കാണാനാകുന്നത്. അധികാരിയിൽ ദൈവത്തെ കാണാനുള്ള വിശ്വാസത്തിന്റെ ശക്തമായ പിൻബലം അദ്ദേഹത്തിനുണ്ടായിരുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നത്.

അപ്പസ്തോലന്മാരിൽ നടന്ന ഒരത്ഭുതം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. പരിശുദ്ധാത്മാവിനാൽ അവർ അഭിഷിക്തരായതോടെ അവരുടെ ഇടുങ്ങിയ മനസ്സുകളുടെ സ്ഥാനത്തു ലോകത്തിലെ എല്ലാ മനുഷ്യരേയും മനസ്സുകൊണ്ട് ആശ്ലേഷിക്കുന്നതിനും അവരുടെ സർവ്വവിധ രക്ഷയും ലക്ഷ്യംവച്ചു പ്രവർത്തിക്കുന്നതിനും പ്രാപ്തരായിത്തീർന്നു. മനസ്സിന്റെ ഈ വലുപ്പമാണ് അവരെ ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽപോയി സുവിശേഷം പ്രസംഗിക്കാൻ പ്രേരിപ്പിച്ചത്. പൗരോഹിത്യാഭിഷേകത്തിലൂടെ മനസ്സിന്റെ ഈ വലുപ്പം നിങ്ങൾക്കും ദൈവം നൽകിയിട്ടുണ്ട്. സ്വന്തം ഇടവക, സ്വന്തം രൂപത തുടങ്ങിയ അതിർവരമ്പുകൾ നിങ്ങളുടെ മനസ്സുകളെ ഇടുങ്ങിയതാക്കരുത്. യേശുനാഥന്റെ മനസ്സുമായി താദാത്മ്യം പ്രാപിക്കാൻ നമുക്കു കഴിയണം. ഏൽപ്പിക്കപ്പെട്ട രംഗത്തു ശുശ്രൂഷ ചെയ്യുമ്പോഴും സാർവത്രിക സഭയെപ്പറ്റിയും എല്ലാ മനുഷ്യരെപ്പറ്റിയും താത്പര്യം ഉള്ളവരാകണം നമ്മൾ. ആസന്നഭാവിയിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിശ്ചിതമായ സംവിധാനങ്ങളിലൂടെ മിഷനറിപ്രവർത്തനം നടത്താനുള്ള ചുമതല സീറോമലബാർ സഭയെ പരിശുദ്ധപിതാവു ഏൽപിച്ചുവെന്നുവരാം. അങ്ങനെ സംഭവിക്കുകയാണെങ്കിൽ ആളും അർത്ഥവും കണ്ടെത്താൻ നമുക്കു കഴി

യണം. അപ്പസ്തോലന്മാരുടെ തീക്ഷ്ണതയും വിശാലമനോഭാവവും സ്വന്തമാക്കാൻ നിങ്ങൾക്കു കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു.

എന്റെ വ്യക്തിപരമായൊരു കാര്യം ഇവിടെ സൂചിപ്പിക്കട്ടെ. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സീറോ മലബാർസഭയുടെ മേലദ്ധ്യക്ഷനായി എന്നെ നിയമിച്ച അവസരത്തിൽ പ്രത്യേകമായി എന്നെ ചുമതലപ്പെടുത്തിയ ഒരുകാര്യം നമ്മുടെ സഭയിൽ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും അന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തണമെന്നതായിരുന്നു. ആരാധനക്രമനവീകരണത്തെ സംബന്ധിച്ചുണ്ടായ ആശയവ്യത്യാസങ്ങളുടെ പേരിൽ സഭയിലെ എല്ലാതലങ്ങളിലും മാനസിക അകൽച്ചയുണ്ടായ സാഹചര്യത്തിലാണു പരിശുദ്ധപിതാവു അങ്ങനെ ചെയ്തത്. ദൈവത്തിന്റെ കൃപകൊണ്ട് വലിയൊരളവുവരെ അതിനു പരിഹാരം കണ്ടെത്താൻ കഴിഞ്ഞു. വൈദികരായ നിങ്ങൾ ഇക്കാര്യത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. നിങ്ങൾക്ക് എന്റെ നന്ദി. ആരാധനക്രമനവീകരണവും സ്നേഹത്തിലുള്ള വളർച്ചയും അതിന്റെ പൂർണ്ണതയിൽ എത്തിയിട്ടില്ല എന്ന കാര്യം നിങ്ങൾക്ക് അറിയാമല്ലോ. വൈദികവർഷത്തിൽ ഒരേ ഹൃദയവും ഒരേ മനസ്സുമുള്ള ദൈവജനമായി (അപ്പ.പ്രവ. 2/46) വളരാനുള്ള വഴികൾ നാം തേടണം. പരിശുദ്ധാത്മാവു നൽകുന്ന തുറവിയോടുകൂടി ഇതിനായി നിങ്ങളോരോരുത്തരും പ്രത്യേകം ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതേ സംബന്ധിച്ചു നിങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ എന്നെ അറിയിക്കാൻ താത്പര്യപ്പെടുന്നു.

വൈദികരുടെ ഇടയിൽ വായനയും അറിവും ഉള്ളവരുടെ എണ്ണം കുറയുന്നുവെന്ന ആക്ഷേപമുണ്ട്. അറിവാണു ശക്തി എന്ന പഴമൊഴി എന്നത്തേക്കാളേറെ പ്രസക്തമാണിന്ന്. ശാസ്ത്ര-സാങ്കേതിക രംഗത്തെ വിജ്ഞാനവിസ്ഫോടനം നമ്മുടെ പരിധിയിലൊതുങ്ങാത്തതായി. അതുകൊണ്ടുതന്നെ അറിവിന്റെ മേഖല സ്പെഷലൈയിസേഷന്റേതായിക്കഴിഞ്ഞു. ആത്മീയ അറിവിന്റെ രംഗത്തു പ്രാവീണ്യം ഉള്ളവരായി നാം മാറണം. ബൈബിൾ, ദൈവശാസ്ത്രം, തത്വചിന്ത, സഭാചരിത്രം, മന:ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അവഗാഹം നേടാനുള്ള ശ്രമമുണ്ടാകണം. അപ്പപ്പോൾ സഭ പുറപ്പെടുവിക്കുന്ന പ്രമാണരേഖകൾ പഠിച്ചു അവ ദൈവജനത്തെ പഠിപ്പിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

എന്നേയും നിങ്ങളെയും വേദനിപ്പിക്കുന്ന ഒരു കാര്യം ഇവിടെ പരാമർശിക്കട്ടെ. അടുത്തകാലത്തു സഭയിലും സമൂഹത്തിലും വൈദികർക്കു പരമ്പരാഗതമായി ലഭിച്ചിരുന്ന സ്ഥാനത്തിനും അംഗീകാരത്തിനും ഇടിവു സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനു പല കാരണങ്ങളും

ഉണ്ടാകും. വൈദികരിൽ ചുരുക്കം ചിലരുടെ ദുർമാതൃകയും പൗരോഹിത്യത്തിനു ഒട്ടും നിരക്കാത്ത സംസാരരീതിയും പെരുമാറ്റങ്ങളും സർവോപരി ആത്മീയതയുടെ കുറവും ഇതിനു കാരണമാകുന്നുണ്ട്. ചിലരുടെയെങ്കിലും തത്വദീക്ഷയില്ലാത്തതും വേണ്ടത്ര സുതാര്യമല്ലാത്തതുമായ പ്രവർത്തനങ്ങളും ഇതിനു വഴിതെളിക്കുന്നു. നിങ്ങളെല്ലാവരും വ്യക്തിപരമായും വൈദികസമൂഹമെന്ന നിലയ്ക്കും ഇതൊരു ഗൗരവമായ വിഷയമായി കാണണം. ആത്മനിയന്ത്രണത്തിന്റെയും സ്വയംനിഗ്രഹത്തിന്റെയും വഴികളിലൂടെ വേണ്ടത്ര തിരുത്തലുകൾ വരുത്താൻ എല്ലാവരും ശ്രദ്ധിക്കേണ്ടിവരും. സഹോദരവൈദികരിൽ ആരെങ്കിലും സഭയുടെ പ്രതീക്ഷയ്ക്ക് ഒട്ടും നിരക്കാത്തവിധം ജീവിക്കുന്നെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവരെ സ്നേഹപൂർവ്വം ഉപദേശിക്കുന്നതിനും എല്ലാവർക്കും കടമയുണ്ട്. പൗരോഹിത്യത്തിന്റെ ശോഭയ്ക്ക് ഒരുവിധത്തിലും കളങ്കംവരുത്തുകയില്ലെന്ന് പ്രതിജ്ഞയെടുക്കാൻ വൈദിക വർഷത്തിൽ നിങ്ങളെ ഞാൻ ആഹ്വാനം ചെയ്യുന്നു.

വൈദികവർഷം ചില പരിപാടികൾ നടത്തി തീർക്കാനുള്ളതല്ല, മറിച്ചു അത് ഓരോ വൈദികനും തന്റെ പൗരോഹിത്യത്തിന്റെ തനിമ കണ്ടെത്തുക, പൗരോഹിത്യ കൂട്ടായ്മയിൽ വളരുക, സ്വന്തം മെത്രാനുമായുള്ള ബന്ധം സജീവമാക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കാനുള്ള സമയമാണ്. സഭാസമൂഹം ഈ വർഷം മുഴുവനും പൗരോഹിത്യമെന്ന ദൈവത്തിന്റെ ദാനത്തെ സംബന്ധിച്ചു ധ്യാനിക്കണമെന്നും പൗരോഹിത്യദൈവവിളി പ്രോത്സാഹിപ്പിക്കാൻ ശ്രദ്ധിക്കണമെന്നും പരിശുദ്ധപിതാവ് ആഹ്വാനം ചെയ്തിട്ടുണ്ട്. എല്ലാ രൂപതകളിലുംതന്നെ ഇതിനകം പല കർമ്മപരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. അവയെല്ലാം കൃത്യമായി നടപ്പാക്കാൻ നിങ്ങളോരോരുത്തരും ശ്രദ്ധിക്കുമല്ലോ. നിങ്ങളെ വിളിച്ചവനായ കർത്താവിന്റെ പ്രതീക്ഷക്കനുസൃതം പ്രവർത്തിക്കാനും വളരാനും നിങ്ങൾക്കു കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു. നിങ്ങളോരോരുത്തരേയും ദൈവം അനുഗ്രഹിക്കട്ടെ.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2009-ാം ആണ്ട് നവംബർ മാസം 4-ാം തീയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ വർക്കി വിതയത്തിൽ**
മേജർ ആർച്ച് ബിഷപ്പ് - സീറോ മലബാർ സഭ

# രൂപതാകച്ചേരി വാർത്തകൾ

## ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

2009 ആഗസ്റ്റ് മാസത്തെ സീറോ മലബാർ ബിഷപ്സ് സിനഡിന്റെ തീരുമാനമനുസരിച്ച് ഇനിമുതൽ മനസമ്മതത്തിനുമുൻപ് (ഒത്തുകല്യാണം) വിളിച്ചു ചൊല്ലുന്ന അപേക്ഷകൾക്ക് അനുവാദം നൽകുന്നത് ഫൊറോന വികാരിമാരായിരിയ്ക്കും. അനുവാദത്തിനായി ഏറ്റവും അർഹതപ്പെട്ട അപേക്ഷകൾ മാത്രം പരിഗണിക്കുമല്ലോ. വരനും വധുവിനും ജോലി സംബന്ധമായ കാരണങ്ങളാലോ മറ്റു ഗുരുതരമായ കാരണങ്ങളാലോ ഒത്തുകല്യാണത്തിനു ശേഷം വിവാഹ അറിയിപ്പ് പള്ളിയിൽ പരസ്യം ചെയ്യാൻ ആവശ്യമായ സമയം ഇല്ലെന്ന് വികാരിയച്ചന് ബോധ്യപ്പെട്ടാൽ മാത്രമാണ് ഇത്തരം അപേക്ഷകൾ പരിഗണിക്കേണ്ടത്. വിവാഹാർത്ഥികൾ തങ്ങളുടെ സമ്മതം അപേക്ഷയാക്കി വികാരിമാരുടെ ശുപാർശയോടുകൂടി ഏതെങ്കിലുമൊരു കക്ഷിയുടെ ഫൊറോന വികാരിയ്ക്ക് സമർപ്പിക്കേണ്ടതാണ്. അനുവാദം ലഭിച്ച കക്ഷിയുടെ ഇടവക വികാരി പ്രസ്തുത വിവരം ഇതര കക്ഷിയുടെ ഇടവക വികാരിയെ രേഖാമൂലം അറിയിക്കുകയും ചെയ്യണം. മൂന്നു വിളിച്ചുചൊല്ല് നിർബന്ധമാക്കാനും ലാഘവബുദ്ധിയോടെ ഇത് കാണാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണം.

## വിശുദ്ധവാര കർമ്മങ്ങളുടെ പുതിയക്രമം

സീറോ മലബാർ സിനഡിന്റെ തീരുമാനമനുസരിച്ച് ലിറ്റർജിക്കൽ കമ്മീഷൻ പ്രസിദ്ധീകരിച്ച പിറവി തിരുനാളിനും വലിയ ആഴ്ചയ്ക്കും ആവശ്യമായ പുസ്തകങ്ങൾ സെന്റ് ജോസഫ് ബുക്കുസ്റ്റാൾ മാനന്തവാടി, ജൂബിലി ബുക്കുസ്റ്റാൾ ദ്വാരക എന്നിവിടങ്ങളിൽ ലഭ്യമാണ്.

## Priests' Conference

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം-Priests' Conference 2010 ജനുവരി 26-ന്

രാവിലെ 10.30 മുതൽ 4.00 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതായിരിക്കും.

**രൂപതാദിനം**

2010 മെയ് 1 ശനിയാഴ്ച ആയതിനാൽ രൂപതാദിനാഘോഷം മെയ് 4 ചൊവ്വാഴ്ചയായിരിക്കും. ബഹു. അച്ചന്മാർ ആ ദിവസത്തെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് രൂപതാദിനാചരണത്തിൽ പങ്കെടുക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

തുടർച്ചയായി 4-ാം തവണയും മിഷൻലീഗിന്റെ സംസ്ഥാനത്തെ ഏറ്റവും നല്ല രൂപതയായി മാനന്തവാടി രൂപത തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. രൂപത മുഴുവനിലുമുള്ള വൈദികർ, മതാധ്യാപകർ, സൺഡേസ്കൂൾ വിദ്യാർത്ഥികൾ എന്നിവരും അനേകം സന്യസ്തരും അത്മായ പ്രേഷിതരും ഒന്നിച്ച് പ്രവർത്തിക്കുന്ന രംഗമാണല്ലോ മിഷൻലീഗ്. അതിനാൽ നമ്മുടെ രൂപതാമിഷൻലീഗിനു ലഭിച്ച ഈ അംഗീകാരം ഏവർക്കും അഭിമാനകരമാണ്. ഈ നേട്ടത്തിന്റെ പിന്നിൽ പ്രവർത്തിച്ച മിഷൻലീഗിന്റെ രൂപതാ ഡയറക്ടർ ബഹു. ടോമി പുത്തൻപുര അച്ചനെയും അച്ചനോടൊപ്പം തീക്ഷ്ണതയോടെ പ്രവർത്തിച്ച ഇതര ഭാരവാഹികളേയും സഹകരിച്ച, സഹായിച്ച, അധ്വാനിച്ച എല്ലാവരേയും ഹൃദയപൂർവ്വം അനുമോദിക്കുന്നു. നമ്മുടെ മിഷൻലീഗിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ അംഗീകാരം പ്രചോദനമാകട്ടെ. ഓരോ ശാഖയുടെയും പ്രവർത്തനത്തിനു കിട്ടിയ നേട്ടം കൂടിയാണിത്. കൂടുതൽ തീക്ഷ്ണതയോടെ ശരിയായ മിഷൻചൈതന്യത്തോടെ തുടർന്ന് പ്രവർത്തിക്കാൻ മിഷൻമധ്യസ്ഥയായ വി. കൊച്ചുത്രേസ്യായും നമ്മുടെ പ്രിയപ്പെട്ട വി. അൽഫോൻസാമ്മയും നമ്മെ സഹായിക്കട്ടെ.

## Appointment

Rev. Fr. Jose Chembukettickal O. Praem : Pro-Vicar, Puthiyidom

**പുതിയ ഫോൺനമ്പർ**

യവനാർകുളം പള്ളി - 04935 - 276055

റവ. ഫാ. ജോഷി മഞ്ഞക്കുന്നേൽ (റോം) - 0039 - 0625101410

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# സിനഡൽ ന്യൂസ്

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ ബുള്ളറ്റിനായ സിനഡൽ ന്യൂസിന്റെ വരിക്കാരാകാൻ താൽപര്യമുള്ള ഇടവകകളും സ്ഥാപനങ്ങളും കോൺവെന്റുകളും വിവരം അറിയിച്ചാൽ സിനഡൽ ന്യൂസ് അയച്ചുതരുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതായിരിക്കും. സിനഡൽ ന്യൂസിന്റെ വാർഷിക വരിസംഖ്യ 50 രൂപ. സിനഡൽ ന്യൂസ് ഓരോ സിനഡിനും ശേഷമായിരിക്കും പ്രസിദ്ധീകരിക്കുക. താൽപര്യമുള്ളവർ ചാൻസലറച്ചനുമായി ബന്ധപ്പെടുക. ഫോൺ: 04935 –240735, 240745, മൊബൈൽ: 9447518360

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# രൂപതാ ബുള്ളറ്റിൻ

മാനന്തവാടി രൂപതാബുള്ളറ്റിൻ രൂപതയുടെ വെബ്സൈറ്റിൽ (www.mananthavadydiocese.org) എല്ലാമാസവും 1–ാം തീയതി ലഭ്യമാണ്. ഏതെങ്കിലും കാരണത്താൽ പോസ്റ്റിൽ ബുള്ളറ്റിൻ താമസിച്ച് ലഭിക്കാൻ ഇടവന്നാൽ വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതുമാണ്. രൂപതാബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കാനായി പ്രസ്ഥാനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമൊക്കെ വാർത്തകളും മറ്റും അയച്ചു തരുന്നവർ എല്ലാമാസവും 20–ാം തീയതിയെങ്കിലും കിട്ടത്തക്കവിധം താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. ചില സാങ്കേതിക കാരണങ്ങളാൽ 20–ാം തീയതിക്ക് ശേഷം കിട്ടുന്നവ പ്രസിദ്ധീകരിക്കുവാൻ സാധിക്കാത്തതിനാൽ ഖേദിക്കുന്നു.

Editor, Roopatha Bulletin
Bishop's House, P.B. No.1
Mananthavady 670 645

**ഫാ. ജോസഫ് പരുവുമ്മേൽ**
എഡിറ്റർ, രൂപതാബുള്ളറ്റിൻ

# പുനരധിവാസ പ്രവർത്തനങ്ങൾ

2009 ജൂലൈ മാസം 15, 16 തീയതികളിൽ ചിത്രഗിരി, റിപ്പൺ ഇടവകകളുടെ കീഴിലുള്ള നീലിമല, അറുപതേക്കർ തുടങ്ങിയ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ഭവനങ്ങൾ നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിച്ചു.

പുനരധിവാസ പ്രവർത്തനങ്ങൾക്ക് രൂപതാതലത്തിൽ നേതൃത്വം കൊടുക്കുന്നതിനും ചിത്രഗിരി വികാരിയെ സഹായിക്കുന്നതിനുമായി റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, റവ. ഫാ. ടോമി പുത്തൻപുര, റവ. ഫാ. സോണി വാഴകാട്ട്, റവ. ഫാ. ജോജോ ഔസേപ്പറമ്പിൽ എന്നിവരെ ചുമതലപ്പെടുത്തി. ചിത്രഗിരിയിൽ ഇടവകാതലത്തിൽ വികാരി റവ.ഫാ. മനോജ് അമ്പലത്തിങ്കൽ ചെയർമാനായും വർഗീസ് പ്ലാവനാക്കുഴി കൺവീനറായും കമ്മറ്റി രൂപീകരിച്ചു. റിപ്പണിൽ വികാരി റവ.ഫാ. വിൻസെന്റ് പുതുശ്ശേരിയുടെ നേതൃത്വത്തിൽ റിലീഫ് കമ്മിറ്റിയും പ്രവർത്തിക്കുന്നു.

ചിത്രഗിരി ഇടവകയിലെ 6 ഭവനങ്ങളാണ് ദുരന്തത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ടത്. ഇതിൽത്തന്നെ ദുരിതത്തിൽപ്പെട്ട മച്ചുകുഴിയിൽ പത്രോസിനെ നാളിതുവരെ കണ്ടെത്താനായില്ല. പരിക്കുപറ്റിയ ഭാര്യയും മകളും സുഖം പ്രാപിച്ചു വരുന്നു. അവരെ ക്രിസ്തുദാസി സിസ്റ്റേഴ്സ് ദത്തെടുത്ത് സംരക്ഷിക്കുന്നു. റിപ്പണിൽ 2 കുടുംബങ്ങൾക്ക് ഭവനമില്ലാതായി.

ഭവനരഹിതരായ 7 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നമ്മുടെ രൂപതയുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഫണ്ട് സമാഹരിച്ചു. 7,90,167 രൂപയാണ് നമുക്ക് ലഭിച്ചത്. 5 ഭവനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ചിത്രഗിരി ഇടവകയുടെ നേതൃത്വത്തിലാണ് വാങ്ങിയത്. സെന്റിന് 8000/- രൂപ നിരക്കിൽ 32 സെന്റ് സ്ഥലത്തിന് 256000 രൂപ ചെലവായി. ഭവനങ്ങൾ നഷ്ടപ്പെട്ടവർക്ക് ഗവൺമെന്റിൽനിന്നും ലഭിച്ച 25000/- രൂപ സ്ഥലം വാങ്ങുന്നതിനായി അവർ സ്വമേധയാ ഇടവകയെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ രൂപത ചെറുപുഷ്പ മിഷൻലീഗ് 40000/- രൂപയും ബാക്കി തുക ഇടവകയ്ക്കകത്തും പുറത്തുമുള്ള വ്യക്തികൾ സന്മനസ്സോടെ നൽകി സഹായിച്ചു.

റിപ്പണിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ചിത്ര ഗിരിയിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഒക്ടോബർ 30-ന് ആരം ഭിച്ചു. ബഹു. ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ നേതൃത്വത്തിൽ രൂപതാ കെ.സി.വൈ.എമ്മിന്റെ വിവിധ യൂണിറ്റുകളിൽ നിന്നും യുവജനങ്ങളെ സംഘടിപ്പിച്ച് ഇടവകജനത്തിനൊപ്പം തറ നിരത്തുന്നതിനും വാനമെ ടുക്കുന്നതിനും മറ്റുമുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തി. നവംബർ 10-ാം തീയതി ഭവനങ്ങളുടെ ശിലാസ്ഥാപനകർമ്മം രൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. മോൺ. ജോർജ് മൂലയിൽ നിർവ്വഹിച്ചു. തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

നാളിതുവരെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹ നവും സഹായവും നൽകിയ എല്ലാവരേയും പ്രത്യേകിച്ച് അഭിവന്ദ്യ പിതാവിന്റെയും, ബഹു. ജനറാളച്ചന്റെയും, മറ്റച്ചൻമാരുടെയും താൽപ ര്യത്തെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. ഭവന നിർമ്മാണം സമ യബന്ധിതമായി പൂർത്തിയാക്കുന്നതിന് എല്ലാവരുടേയും സഹായസ ഹകരണങ്ങളും പ്രാർത്ഥനയും അപേക്ഷിക്കുന്നു.

**ഫാ. മനോജ് അമ്പലത്തിങ്കൽ**

## Relief Fund Chithragiri

| SN | Name of the parishes | Amount |
|---|---|---|
| 1 | Adackathode | 6000 |
| 2 | Adikolly | 2713 |
| 3 | Alattil | 920 |
| 4 | Amarakuni | 3500 |
| 5 | Ambalavayal | 7794 |
| 6 | Arattuthara | 2241 |
| 7 | Arinchermala | 8511 |
| 8 | Aruvankade | 250 |
| 9 | Bhoodanam | 1500 |
| 10 | Boy’s Town | 1500 |
| 11 | Cathedral Mananthavady | 7000 |
| 12 | Cheengavallam | 700 |
| 13 | Cherukattoor | 10000 |
| 14 | Chokad | 10000 |
| 15 | Chulliana | 6152 |

| | | |
|---|---|---|
| 16 | Chulliode | 6031 |
| 17 | Chundakara | 2450 |
| 18 | Chungakunnu | 12900 |
| 19 | Coonnoor | 1000 |
| 20 | Dharmagiri | 2050 |
| 21 | Dwaraka | 4700 |
| 22 | Edivanna | 4500 |
| 23 | Elapeedika | 1000 |
| 24 | Gudallur, Arulnilayam | 5730 |
| 25 | Hinkal | 8000 |
| 26 | Jude's Mount | 2803 |
| 27 | Kabanigiri | 3400 |
| 28 | Kadalmad | 7000 |
| 29 | Kallody | 6300 |
| 30 | Kallumukku | 2000 |
| 31 | Kalluvayal | 3600 |
| 32 | Kalpetta | 45000 |
| 33 | Kammana | 1250 |
| 34 | Kaniambetta | 886 |
| 35 | Karackamala | 1000 |
| 36 | Karani | 2700 |
| 37 | Karimbil | 2000 |
| 38 | Kartikulam | 20000 |
| 39 | Kavummannam | 5001 |
| 40 | Kayyunni | 15500 |
| 41 | Kelakam | 2500 |
| 42 | Kenichira | 2000 |
| 43 | Kolavayal | 1000 |
| 44 | Kommayad | 3500 |
| 45 | Kottathara | 3500 |
| 46 | Kottiyoor | 6600 |
| 47 | Kunjhome | 1500 |
| 48 | Kurumbala | 3000 |
| 49 | Kurumbalakotta | 3040 |
| 50 | Kuttimoola | 2100 |

| | | |
|---|---|---|
| 51 | Makkiyad | 6140 |
| 52 | Mangalam | 1250 |
| 53 | Mangalassery | 3004 |
| 54 | Manimooly | 17480 |
| 55 | Marakadavu | 2500 |
| 56 | Meenangadi | 4250 |
| 57 | Moolankave | 19000 |
| 58 | Moolepadam | 3850 |
| 59 | Mothakara | 870 |
| 60 | Mullenkolly | 11105 |
| 61 | Munderi | 3000 |
| 62 | Muthireri | 1700 |
| 63 | Muttiyal | 2000 |
| 64 | Nadavayal | 30000 |
| 65 | Naikuppa | 250 |
| 66 | Narivalamunda | 11545 |
| 67 | Nilambur | 20000 |
| 68 | Olivumala | 2160 |
| 69 | Padamala | 1103 |
| 70 | Padichira | 7800 |
| 71 | Palankara | 7000 |
| 72 | Palchuram | 6265 |
| 73 | Panamchira | 1500 |
| 74 | Parathottam | 1000 |
| 75 | Pathiripadam | 10101 |
| 76 | Pattanikoop | 3225 |
| 77 | Payyampilly | 8520 |
| 78 | Pazhoor | 2910 |
| 79 | Peria | 12100 |
| 80 | Pookkottumpadam | 23000 |
| 81 | Poolapaddam | 12000 |
| 82 | Poroor | 10000 |
| 83 | Puthusserikadavu | 3000 |
| 84 | Ruby Nagar | 4115 |
| 85 | S.Bathery | 75000 |
| 86 | Seethamount | 2100 |

| | | |
|---|---|---|
| 87 | Sisumala | 4200 |
| 88 | Thalanji | 6200 |
| 89 | Thariode | 5000 |
| 90 | Thavinjal | 1530 |
| 91 | Thelpara | 6500 |
| 92 | Theneri | 15000 |
| 93 | Thomattuchal | 4000 |
| 94 | Thonichal | 700 |
| 95 | Trissilery | 1070 |
| 96 | Vakery | 3100 |
| 97 | Valad | 465 |
| 98 | Valavayal | 3800 |
| 90 | Valiakolly | 832 |
| 100 | Vallikettu | 1500 |
| 101 | Vanjode | 2000 |
| 102 | Vazhavatta | 10000 |
| 103 | Vellamunda | 2000 |
| 104 | Vellonny | 5000 |
| 105 | Vilambukandam | 4385 |
| 106 | Vimalagiri | 2000 |
| 107 | Vythiri | 2500 |
6 PM മുതൽ സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 6.30 വരെ മൗനപ്രാർത്ഥനയിൽ ചെലവഴിച്ചു. തുടർന്ന് ജപമാല ചൊല്ലി വി. ബലിക്കായി ഒരുങ്ങി. 7 PM ന് ബഹു. പാറയിൽ അച്ചൻ വി. ബലി അർപ്പിച്ചു. വചനം പങ്കു വച്ചു. 12 മണി വരെ തുടർന്ന ജാഗരണ പ്രാർത്ഥന ബഹു. പാറയിൽ അച്ചനും മ്യൂസിക് ടീമും സിയോൻ ടീമും ചേർന്ന് നയിച്ചു. സൗഖ്യവും ദൈവദർശനവും അനുഗ്രഹങ്ങളും സമൃദ്ധമായി ഈ സമയങ്ങളിൽ കർത്താവ് വർഷിച്ചു.

**ആദ്യശനി - ഏകദിന കൺവെൻഷൻ 7-11-09**

ഈ ദിവസത്തിന്റെ വിശുദ്ധീകരണത്തിനും അഭിഷേകത്തോടെ ശുശ്രൂഷ ചെയ്യുവാനുള്ള ശക്തീകരണത്തിനുമായി ശുശ്രൂഷകർ പരി. അമ്മയുടെ സന്നിധിയിൽ എത്തി. ജപമാല ഹാളിനുചുറ്റും നടന്ന് ചൊല്ലി ശുശ്രൂഷകളെയും ശുശ്രൂഷകരേയും കടന്നു വരുന്ന മക്കളെയും സമർപ്പിച്ചു. ഒരുക്ക ശുശ്രൂഷകൾക്കു ശേഷം സ്റ്റേജിൽ 8. 30 ന് പതിവു ശുശ്രൂഷകൾ - സപ്ര, ജപമാല, സ്തുതി ആരാധന ഇവ നടത്തി. 11 മണിക്ക് ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ വചന സന്ദേശം നൽകി. ദൈവം സർവ്വവ്യാപിയാണ്. എങ്കിൽ ദേവാലയം എന്തിന്? പ്രത്യേക ആരാധന സ്ഥലം എന്തിന് എന്ന ചോദ്യത്തിന് ചരിത്രപരമായും ബൈബിൾ അടിസ്ഥാനത്തിലും ഉത്തരം കണ്ടെത്താൻ അച്ചന്റെ വചനശുശ്രൂഷ സഹായിച്ചു. 12 മണിക്ക് ബഹു. ജോസഫ് നെച്ചിക്കാട്ടച്ചൻ വി. ബലി അർപ്പിച്ചു, വചനം വ്യാഖ്യാനിച്ചു. വി. ബലിക്കുശേഷം ലഘു ഭക്ഷണം, അനുഗ്രഹസാക്ഷ്യങ്ങൾ, സൗഖ്യാരാധന എന്നിവയും ദിവ്യകാരുണ്യപ്രദക്ഷിണവും നടത്തി. ബഹു. പാറയിൽ അച്ചനും, മ്യൂസിക് ടീമും, സിയോൻ ടീമും ശുശ്രൂഷകൾ നയിച്ചു. ഈശോ ഒത്തിരി പേർക്ക് സൗഖ്യവും മറ്റ് അനുഗ്രഹങ്ങളും നൽകി സംതൃപ്തരാക്കി. 92 പേർക്ക് കൗൺസിലിംഗ് നൽകി. കുമ്പസാരത്തിന് സൗകര്യം ഒരുക്കി. ക്രിസ്റ്റീൻ മക്കൾക്കുള്ള ശുശ്രൂഷകൾ സിയോൻ ചാപ്പലിൽ ബഹു. പ്രിൻസ് അച്ചനും യൂത്ത് ടീമും ചേർന്ന് നടത്തി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു. നല്ല തമ്പുരാന് നന്ദിയുടെ ഈരടികൾ ആലപിച്ച് ദൈവജനം ഭവനങ്ങളിലേക്ക് മടങ്ങി.

**രണ്ടാംശനി ശുശ്രൂഷകൾ - കൗൺസിലിംഗ് ദിനം**

75 പേർക്ക് കൗൺസിലിംഗ് നൽകി.

**യുവജനദിനം**

48 യുവജനങ്ങൾ വന്ന് സംബന്ധിച്ചു. ബഹു. പ്രിൻസ് അച്ചനും യൂത്ത് ടീമും നേതൃത്വം നൽകി. കുമ്പസാരം, കൗൺസിലിംഗ്, വി. ബലി, ആരാധന, ജപമാല, ക്ലാസ് ഇവയിലൂടെ ആത്മീയ ഉണർവ് നേടി.

**ദമ്പതീ കൂട്ടായ്മ**

32 ദമ്പതികൾ കൂട്ടായ്മയിൽ പങ്കെടുത്തു. ബഹു. തോമസ് കാട്ടു തുരുത്തിയിൽ അച്ചൻ ക്ലാസെടുത്തു. വി. ബലി അർപ്പിച്ചു. കുമ്പസാരം, കൗൺസിലിംഗ്, ആരാധന തുടങ്ങിയവയുണ്ടായിരുന്നു.

**മൂന്നാംവെള്ളി - സൗഖ്യദിനം**

ധാരാളം രോഗികൾ ശുശ്രൂഷയിൽ പങ്കെടുത്തു. കുമ്പസാരം, കൗൺസിലിംഗ്, വി. ബലി, അഭിഷേകപ്രാർത്ഥന, സൗഖ്യാരാധന ഇവയിലൂടെ ധാരാളം മക്കൾ സൗഖ്യവും സമാധാനവും സന്തോഷവും നേടി പോയി. ഡിസംബറിൽ നടക്കാനിരിക്കുന്ന സിയോൻ നേതൃത്വനിരയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വിജയത്തിനായി 4 PM വരെ ശുശ്രൂഷകർ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

**ധ്യാനങ്ങൾ**

നവംബറിൽ അരിഞ്ചേർമല, ചുള്ളിയോട്, കുണ്ടുതോട് ഈ മൂന്ന് ഇടവകകളിൽ ബഹു. പാറയിൽ അച്ചനും ടീമും ചേർന്ന് ഇടവക ധ്യാനം നടത്തി.

**സിയോൻ ഡിസംബറിൽ**

| | | |
|---|---|---|
| 4 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ് |
| | - | ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് |
| | - | ജാഗരണ പ്രാർത്ഥന |
| 5 ആദ്യശനി | - | കൺവെൻഷൻ |
| | - | വൈദികവർഷം |
| | - | ക്രിസ്റ്റീൻ കൺവെൻഷൻ |
| 12 രണ്ടാം ശനി | - | കൗൺസിലിംഗ് ദിനം |
| | - | യുവജനകൂട്ടായ്മ |
| | - | ദമ്പതീകൂട്ടായ്മ |
| 18 മൂന്നാംവെള്ളി | - | സൗഖ്യദിനം |
| 18- 22 | - | മരിയൻ ധ്യാനം |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹപ്രവർത്തകരേ,

സമാഗതമാകുന്ന പിറവിതിരുനാളിന്റെയും നവവത്സരത്തിന്റെയും പ്രാർത്ഥനാ പൂർവ്വകമായ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

2010 മാനന്തവാടി സെൻട്രൽ കൗൺസിലിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വർഷമാണ്. നിലവിലുള്ള ഭരണസമിതിയുടെ കാലാവധി ആഗസ്റ്റ് മാസത്തിൽ അവസാനിക്കും. മെയ്മാസം അവസാനം ഞാൻ വൈസ്പ്രസിഡണ്ടിനോട് പുതിയ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ നടപടി ക്രമങ്ങളുമായി മുന്നോട്ടു പോകാൻ ആവശ്യപ്പെടുന്നതാണ്. മെയ്മാസത്തിൽ സി. സി വാർഷികവും ആഗസ്റ്റ് 26 ന് പ്രസിഡന്റ് തെരഞ്ഞെടുപ്പും നടക്കുന്നതാണ്. ഈ സാഹചര്യത്തിൽ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും ഉണർവ്വോടെ പ്രാർത്ഥിക്കുകയും ഊർജസ്വലനായ ഒരു പ്രസിഡന്റും നല്ലൊരു ഭരണസമിതിയും ഉണ്ടാകുന്നതിനുള്ള നിയോഗം വയ്ക്കുകയും ചെയ്യേണ്ടതാണ്.

കൂടാതെ കല്ലോടി, കൊട്ടിയൂർ, മാനന്തവാടി, കല്പറ്റ എ. സികളുടെയും ഭരണസമിതി 2010 ൽ മാറിവരേണ്ടതാണ്. കല്ലോടി : ഫെബ്രുവരി, കൊട്ടിയൂർ: മാർച്ച്, മാനന്തവാടി : ഏപ്രിൽ, കല്പറ്റ : സെപ്റ്റംബർ എന്നീ ക്രമത്തിൽ പുതിയ പ്രസിഡന്റുമാർ തെരഞ്ഞെടുക്കപ്പെടണം. നിലവിലുള്ള നിയമാവലിയനുസരിച്ച് സി. സി. എ.സി. പ്രസിഡന്റുമാരെ രണ്ടാമതു തെരഞ്ഞെടുക്കാനോ 64 വയസു കഴിഞ്ഞവരെ തെരഞ്ഞെടുക്കാനോ പാടില്ല. എല്ലാ കോൺഫ്രൻസ് പ്രസിഡന്റുമാരും ഇക്കാര്യങ്ങൾ അറിഞ്ഞിരിക്കുകയും കോൺഫ്രൻസുകളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും അഭിപ്രായരൂപീകരണം നടത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കാലാവധി തീരുന്നതിനുമുമ്പ് നിർദ്ദിഷ്ട എ. സി കളുടെ റിക്കാർഡുകളും കണക്കുകളും ഓഡിറ്റിനു വിധേയമാക്കത്തക്കവിധം കുറ്റമറ്റതാക്കാൻ നിലവിലുള്ള ബോർഡ് സമയം കണ്ടെത്തണം. അപ്രകാരം തന്നെ, എ. സി, സി. സി പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പിന് വോട്ടവകാശമുള്ള കോൺഫ്രൻസ് പ്രസി

ഡന്റുമാർ നിയമാനുസൃതം അധികാരത്തിൽ തുടരുന്നതാണെന്ന് ഉറപ്പു വരുത്തുകയും വേണം. കോൺഫ്രൻസ് പ്രസിഡന്റിന്റെ കാലാവധി 3 വർഷവും രണ്ടാംതവണയാണെങ്കിൽ രണ്ടും ചേർത്ത് 6 വർഷമാണ്. ഓരോ തെരഞ്ഞെടുപ്പിനും ഉപരി കൗൺസിലിന്റെ അംഗീകാരം ഉണ്ടായിരുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## ഓസ്സാനാംഭവൻ

കഴിഞ്ഞ ബുള്ളറ്റിനിൽ ഓസ്സാനാംഭവൻ സന്ദർശനത്തിനു ഡിസംബറിൽ നിശ്ചയിക്കപ്പെട്ട എ. സി. കളുടെ പേരുകൾ യഥാക്രമം : തരിയോട്, തോണിച്ചാൽ എന്ന് തിരുത്തേണ്ടതാണ്. 14-11-09 ന് ദ്വാരക സെമിനാറിൽ വച്ച് ഈ വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നു.

## ജനുവരി 2010

1 മുതൽ 15 വരെ വാഴവറ്റ എ. സി. 16 മുതൽ 31 വരെ ബത്തേരി എ. സി.

## സി. സി. യോഗം

മുൻ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ 19-12-09 ശനിയാഴ്ച ഓസ്സാനാംഭവനിൽ വച്ചു ചേരുന്നതാണ്. എല്ലാ എ. സി പ്രസിഡണ്ടുമാരും ബോർഡംഗങ്ങളും അന്ന് യോഗത്തിന് 10 മണിയോടെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1). 1 - 10 - 09 മുതൽ 31 - 12 - 09 ൽ അവസാനിക്കുന്ന ക്വാർട്ടറിന്റെ വിദേശ സഹായ വരവ്, വിതരണ സ്റ്റേറ്റ്മെന്റ് ഇതുവരെയുള്ളത് ചേർത്ത്, ടോട്ടൽ ചെയ്യാതെ കൊണ്ടുവരിക.
2) ഓസ്സാനാംഭവൻ അന്തേവാസികളുടെ പുതുവസ്ത്രവിതരണഫണ്ട് (100 രൂപ വച്ച്) ശേഖരിച്ച് കൊണ്ടുവരിക.
3) ബന്ധപ്പെട്ട എ. സി കൾമാത്രം 14 - 11 - 09, 21 - 11 - 09 സെമിനാറുകളുടെ രജിസ്ട്രേഷൻ ഫീസ് കുടിശിഖയും, ആന്ധ്രാഫുഡ് റിലീഫ് ഫണ്ട് കുടിശിഖയും (ഒരു രഹസ്യപിരിവിന്റെ) കൊണ്ടുവരിക.
4) വിദേശ കോൺഫ്രൻസുകൾക്കുള്ള കത്തുകളുടെ കോപ്പിയും മറക്കാതെ ശേഖരിച്ച് തരേണ്ടതാണ്.

രൂപതാ ബുള്ളറ്റിന്റെ കോപ്പി എല്ലാ കോൺഫ്രൻസുകൾക്കും ലഭിക്കുന്നില്ലാത്തതിനാൽ, ബുള്ളറ്റിനിലെ വിവരങ്ങൾ എ. സി. പ്രസിഡന്റുമാർ അവരവരുടെ കോൺഫ്രൻസുകളെ ഔദ്യോഗികമായി അറിയിക്കണമെന്നോർപ്പിക്കുന്നു. ഫോൺ സൗകര്യം സർവ്വത്ര ഉള്ളതുകൊണ്ട് യഥാസമയം വിളിച്ചറിയിച്ച് കാര്യങ്ങൾ ഉത്സാഹപൂർവ്വം നിർവ്വഹിക്കുവാൻ അഭ്യർത്ഥിക്കുന്നു.

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്



# ജയിൽ മിനിസ്ട്രി

ജീസസ് ഫ്രറ്റേണിറ്റി അംഗങ്ങളുടെ സെപ്റ്റംബർ മാസത്തെ ജയിൽ സന്ദർശനത്തിന് വൈത്തിരിയിലേക്ക് വന്നത് ചെറുകാട്ടൂർ സൺഡേസ്കൂൾ മിഷൻലീഗ് അംഗങ്ങളും കണിയാരം ബാലഭവനിലെ കുട്ടികളുമായിരുന്നു. ചെറുകാട്ടൂരിലെ ബഹു. എം.എസ്.ജെ. സിസ്റ്റേഴ്സിന്റെയും കണിയാരം എസ്.എ.ബി.എസ്. സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിലായിരുന്നു സന്ദർശനം.

ഒക്ടോബർ മാസത്തെ ജയിൽ സന്ദർശനത്തിന് 18-ാം തീയതി കൊമ്മയാട് ഇടവകയിൽ നിന്നും ബഹു. പോൾ കൊരണ്ടിയാർകുന്നേൽ അച്ചന്റെ നേതൃത്വത്തിൽ മതാധ്യാപകർ, യുവജനങ്ങൾ, കുട്ടികൾ എന്നിവരെത്തി. വിവിധ കലാപരിപാടികളിലൂടെ തടവറമക്കളോട് ആഭിമുഖ്യം പുലർത്താൻ അവർക്ക് സാധിച്ചു.

നവംബർ 1-ന് കമില്ലസിലെ ബഹു. സന്തോഷച്ചന്റെ നേതൃത്വത്തിൽ കണിയാരം ബാലഭവനിലെ കുട്ടികൾ ജയിൽ സന്ദർശനത്തിനായി വൈത്തിരിയിൽ വന്നു. നവംബർ 15-ന് മഞ്ഞൂറ പള്ളിയിൽ നിന്നും ബഹു. ജയിംസ് കുമ്പുക്കലച്ചന്റെ നേതൃത്വത്തിൽ ബഹു. എസ്.കെ.ഡി. സിസ്റ്റേഴ്സും മതാധ്യാപകരും കുട്ടികളും തടവറയിൽ കഴിയുന്നവരെ കാണാനെത്തി. തടവറയിലുള്ളവരുടെ തന്നെ കലാപരിപാടികൾ അന്നേ ദിവസം നടത്തുകയുണ്ടായി. അതോടൊപ്പം കുട്ടികളുടെ ഒന്നരമണിക്കൂറോളമുള്ള കലാപരിപാടികളും ഉണ്ടായിരുന്നു. ഈ സന്ദർശനങ്ങൾക്കെല്ലാം പ്രോത്സാഹനമായി കായക്കുന്നിൽ നിന്നുള്ള എസ്.ഡി. സിസ്റ്റേഴ്സും, വൈത്തിരിയിലെ എസ്.എച്ച്. സിസ്റ്റേഴ്സും തോലം മാക്കിൽ കുര്യൻ ചേട്ടനുമുണ്ടായിരുന്നു. മധുരപലഹാര വിതരണത്തോടെയാണ് എല്ലാ സന്ദർശനങ്ങളും അവസാനിച്ചത്.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## ലഹരി വിരുദ്ധ ബോധവത്ക്കരണം

### പാലിയണ - മോചന 2009

സമിതിയുടെ നേതൃത്വത്തിൽ പാലിയണ നെഹ്റു വായന ശാലയിൽ വെച്ച് നവംബർ 1 ന് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി. വ്യാജ കള്ള് കുടിച്ച് ഒരു ആദിവാസി മരിച്ചതാണ് പാലിയണ. രൂപതാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ സി. ജോവിറ്റ, പി. എ. ജയിംസ്, പി. വി. ജോസ്, പൗരസമിതി പ്രസിഡന്റ് ഉണ്ണികൃഷ്ണൻ, നെഹ്റു മെമ്മോറിയൽ വായനശാല സെക്രട്ടറി ശ്രീജിത്ത് എന്നിവർ പ്രസംഗിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ സെമിനാറിന് നേതൃത്വം നൽകി.

### പുത്തൂർവയൽ

പുത്തൂർവയൽ സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് മോചന 2009 സംഘടിപ്പിച്ചു. മേഖല WSSS ന്റെ ഭാരവാഹികൾക്കായിട്ടാണ് സെമിനാർ നടത്തിയത്. സെമിനാറിന്റെ ഉദ്ഘാടനം റവ. ഫാ. കുര്യാക്കോസ് കുന്നത്ത് നിർവ്വഹിച്ചു. രൂപതാ കെ.സി.ബി.സി മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ സെമിനാറിന് നേതൃത്വം നൽകി. റീജണിലെ 2 ഇടവകകളിൽ ഡിസംബർ 12-ന് സെമിനാർ നടത്തുവാൻ തീരുമാനിച്ചു.

### JRC വെള്ളമുണ്ട - മാനന്തവാടി സബ്ജില്ല

JRC യുടെ നേതൃത്വത്തിൽ വെള്ളമുണ്ട ഗ്രമാപഞ്ചായത്തിലെ JRC അംഗങ്ങൾക്കായി മോചന 2009 സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നായി 175 വിദ്യാർത്ഥികൾ സെമിനാറിൽ പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പ്രഭാകരൻ സെമിനാർ

ഉദ്ഘാടനം ചെയ്തു. സ്കൂൾ സീനിയർ അസിസ്റ്റന്റ്, ഗ്രാമപഞ്ചായത്ത് മെമ്പർ, പി.റ്റി.എ. പ്രസിഡന്റ് എന്നിവർ പ്രസംഗിച്ചു. സെമിനാർ സംഘടിപ്പിച്ച JRC മാനന്തവാടി ഉപജില്ല കൺവീനർ ശ്രീ. ടോമി വെള്ളക്കാക്കുടി സാറിന് സമിതിയുടെ ഹൃദയംനിറഞ്ഞ നന്ദി. തുടർ ശനിയാഴ്ചകളിൽ ഉപജില്ലയിലെ മറ്റു ഗ്രാമപഞ്ചായത്തുകളിൽ സെമിനാർ നടത്തും.

## വാഹനപ്രചരണ ജാഥ

മദ്യനിരോധന ജനാധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക എന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി മാനന്തവാടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ വാഹന പ്രചരണ ജാഥ നടത്തി. മാനന്തവാടിയിൽ നിന്ന് ആരംഭിച്ച പ്രചരണജാഥ തലപ്പുഴ, ദ്വാരക, നാലാംമൈൽ, പടിഞ്ഞാറത്തറ, കാവുംമന്ദം, വേങ്ങപ്പള്ളി, കൽപ്പറ്റ, മുട്ടിൽ, മീനങ്ങാടി, പനമരം എന്നിവിടങ്ങളിൽ പര്യടനം നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, ആനിമേറ്റർ സി. ജോവിറ്റ, സെക്രട്ടറി വി.ഡി. രാജു, ബേബി പേടപ്പാട്ട്, ടോമി നെടുംകൊമ്പിൽ എന്നിവർ നേതൃത്വം നൽകി. ലഹരിവിരുദ്ധ ലീഫ് ലെറ്റുകൾ വിതരണം ചെയ്തു.

## നിവേദന സമർപ്പണം

മദ്യനിരോധന ജനാധികാരം തിരിച്ച് തരാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം പാസാക്കണമെന്നും ഗ്രാമപഞ്ചായത്തുകളിൽ പാൻമസാല നിരോധനം കർശനമായി നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മദ്യവിരുദ്ധ ജനകീയ മുന്നണി കേരളത്തിലെ മുഴുവൻ ത്രിതലപഞ്ചായത്തുകൾക്കും നിവേദനം നൽകുന്നതിന്റെ ഭാഗമായ വയനാട് ജില്ലയിലെ വിവിധ ത്രിതല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്ക് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നിവേദനം നൽകി. നിവേദനസമർപ്പണത്തിന്റെ ഉദ്ഘാടനം മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കുറ്റിയോട്ടിൽ അച്ചപ്പന് നൽകിക്കൊണ്ട് രൂപതാ ഡയറക്ടർ നിർവ്വഹിച്ചു. തുടർന്ന് ഗ്രാമപഞ്ചായത്തുകളായ മാനന്തവാടി, തലപ്പുഴ, പടിഞ്ഞാറത്തറ, കാവുംമന്ദം, വേങ്ങപ്പള്ളി, കോട്ടത്തറ, കൽപ്പറ്റ മുൻസിപ്പാലിറ്റി, വയനാട് ജില്ലാ പഞ്ചായത്ത്, മുട്ടിൽ, മീനങ്ങാടി, പനമരം എന്നിവിടങ്ങളിലെ പ്രസിഡന്റ്മാർക്കും മെമ്പർമാർക്കും നിവേദനം നൽകി. രൂപതാ ഭാരവാഹികൾ സന്നിഹിതരായിരുന്നു.

## ഏകദിന ഉപവാസ പ്രാർത്ഥനാ കൺവെൻഷൻ

ലോകലഹരി വിമോചനത്തിനായ് നവംബർ 20 ന് വെള്ളിയാഴ്ച മാനന്തവാടി സെന്റ് പീറ്റർ & പോൾ (ടൗൺ) പള്ളിയിൽ വെച്ച് ഏകദിന ഉപവാസപ്രാർത്ഥനയും വചനപ്രഘോഷണവും നടത്തി. ലഹരി സംസ്ക്കാരമെന്ന മരണസംസ്ക്കാരത്തിനെതിരെ ജീവന്റെ സംസ്ക്കാരം ലോകത്തിൽ നിലനിൽക്കുവാനാണ് ഏകദിന ഉപവാസപ്രാർത്ഥന സംഘടിപ്പിച്ചത്. ധാരാളം വ്യക്തികൾ പ്രാർത്ഥനാ കൺവെൻഷനിൽ പങ്കെടുത്തു. ആരാധന, ജപമാല, വചനപ്രഘോഷണം, കുമ്പസാരം, കൗൺസിലിംഗ്, രോഗശാന്തിശുശ്രൂഷ എന്നിവ ഉണ്ടായിരുന്നു.

പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമത്തിലെ റവ. ഫാ. തോമസ് കപ്പിലുമാക്കൽ വചനപ്രഘോഷണം നടത്തി വി. ബലിയർപ്പിച്ചു. റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ആരാധനയ്ക്ക് നേതൃത്വം നൽകി.

## ക്രിസ്തുമസ് ലഹരി വിമുക്തമാക്കുക

ക്രിസ്തുമസ് - പുതുവത്സര ആഘോഷങ്ങൾ മദ്യത്തിൽ മുങ്ങുന്ന വളരെ ദയനീയ കാഴ്ചയാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ക്രിസ്തുമസ് - പുതുവത്സര ദിനങ്ങളിൽ 165 കോടി രൂപയുടെ മദ്യമാണ് ബീവറേജ് കോർപ്പറേഷനിലൂടെമാത്രം വിറ്റഴിക്കപ്പെട്ടത്. പരിശുദ്ധമായ ക്രിസ്തുമസ് കുറച്ച്പേർ കുടിച്ച് കൂത്താടി അപഹാസ്യമാക്കുന്നു. ഇതുമൂലം അനേകം വ്യക്തികൾ വേദനിക്കുന്നു.

25 നോമ്പിൽ മദ്യം ഉപേക്ഷിച്ചവർ വീണ്ടും ക്രിസ്തുമസിന് മദ്യം ഉപയോഗിക്കുവാൻ തുടങ്ങുന്നു. ഇതിൽ എന്ത് മേന്മയാണ് ഉള്ളത്. ഉപേക്ഷിച്ചതിനെ വീണ്ടും സ്വീകരിക്കുന്നത് ശരിയല്ല.

അപഹാസ്യമാകുന്ന ക്രിസ്തുമസ് ആഘോഷം പരിശുദ്ധമാക്കുവാൻ ക്രിസ്തുമസ് ലഹരിവിമുക്തമാക്കുവാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ആഹ്വാനം ചെയ്യുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ യോഗം**

ഒക്ടോബർ 14 -ാം തീയതി SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ മീറ്റിംഗ് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. WSSS പ്രോജക്ട് ഓഫീസർ ഒ. പി. അബ്രാഹം സോഷ്യൽ വെൽഫയർ സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി. സ്വാശ്രയ - സംഘങ്ങളിൽ വരുമാന വർദ്ധനവിന് ഉതകുന്ന പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും അതോടൊപ്പം SWS തലത്തിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കേണ്ട ആവശ്യകതയും അതുവഴി ഭരണനിർവ്വഹണത്തിൽ സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുവാൻ സാധിക്കുകയും ചെയ്യുമെന്ന് ഉദ്ബോധിപ്പിച്ചു. SWS തലത്തിലുള്ള പ്രവർത്തന റിപ്പോർട്ടുകൾ സെക്രട്ടറിമാർ അവതരിപ്പിച്ചു. 52 പേർ യോഗത്തിൽ പങ്കെടുത്തു. കെ. ഒ. ജോയി സ്വാഗതവും ഷാജി. കെ. ജോസ് നന്ദിയും രേഖപ്പെടുത്തി.

**ജൈവ കർഷക സംഗമം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തോമാട്ടുചാൽ വുമൻസ് വെൽഫയർ അസോസിയേഷന്റെ ഓഡിറ്റോറിയത്തിൽ വച്ച് ഒക്ടോബർ 17 -ാം തീയതി മേഖലതല ജൈവ കർഷക സംഗമം നടത്തി. വയനാട് ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം. യു. ജോർജ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് പോത്തൻ സംഗമം ഉദ്ഘാടനം ചെയ്തു. കൃഷി ഓഫീസർ സെബാസ്റ്റ്യൻ ജോസഫ്, WWA ഡയറക്ടർ സി. ആനീസ് SKD, WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം എന്നിവർ ആശംസകൾ നേർന്നു. ജൈവകർഷക സംഗമത്തോടനുബന്ധിച്ച് ജൈവകീട രോഗനിയന്ത്രണം എന്ന വിഷയത്തിൽ അമ്പലവയൽ KUIC

യിലെ സയന്റിസ്റ്റ് ഡോ. അരുൾഅർസ് ക്ലാസെടുത്തു. പ്രോഗ്രാം കോർഡിനേറ്റർ പി. എ. ജോസ് സ്വാഗതവും ഫീൽഡ് കോർഡിനേറ്റർ എൽദോ നന്ദിയും രേഖപ്പെടുത്തി. 202 കർഷകർ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു.

ജൈവകൃഷി വ്യാപന പദ്ധതിയിൽ അംഗങ്ങളായ കർഷകരെ ഉൾപ്പെടുത്തികൊണ്ട് ഒക്ടോബർ 31-ാം തീയതി പഴൂർ സെന്റ് ആന്റണീസ് U.P. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് മേഖലാ ജൈവ കർഷക സംഗമം നടത്തി. യോഗത്തിൽ പഴൂർ സോഷ്യൽ വെൽഫയർ സൊസൈറ്റി ഡയറക്ടർ റവ. ഫാ. തോമസ് വാഴച്ചാലിൽ അദ്ധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ ജൈവകർഷക സംഗമം ഉദ്ഘാടനം ചെയ്തു. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് P. M. ജോയി മുഖ്യാതിഥി ആയിരുന്നു. ചീരാൽ SMGB മാനേജർ ശ്രീ. ഭാസ്കരൻ, സ്റ്റെയിറ്റ് ഓർഗാനിക് സെൽ ഓഫീസർ അനിൽകുമാർ, വാർഡ് മെമ്പർ പ്രസന്ന ശശിധരൻ, പ്രോഗ്രാം കോർഡിനേറ്റർ ജോസ്. പി. എ എന്നിവർ ആശംസകൾ നേർന്നു. ആനുകാലിക കാർഷികപ്രശ്നങ്ങളും പ്രതിവിധികളും എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ. വേണുഗോപാൽ ക്ലാസ് എടുത്തു. ഫീൽഡ് കോർഡിനേറ്റർ ബെന്നി സേവ്യർ സ്വാഗതവും ജോൺസൺ. പി. വി നന്ദിയും രേഖപ്പെടുത്തി. 264 കർഷകർ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു.

### ഫാം വയനാട്

### വികസന മുഖാമുഖം പരിപാടി

പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ 13-10-09 ന് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ വച്ച് കർഷകരും ഗവൺമെന്റ് ഓഫീസേഴ്സുമായി മുഖാമുഖം പരിപാടി നടത്തി. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. വി. ജോണി മുഖാമുഖം പരിപാടി ഉദ്ഘാടനം ചെയ്തു. കൃഷി ഓഫീസർ ശ്രീ. കൃഷ്ണൻകുട്ടി, കാർഷിക വികസന ബാങ്ക് സെക്രട്ടറി ശ്രീ. സച്ചിദാനന്ദൻ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും ശ്രീ. പുരുഷോത്തമൻ, ശ്രീ. അജയ്കുമാർ, ബിഫ്രണ്ടിംഗ് കോർഡിനേറ്റർ ശ്രീ. അനിൽ തോമസ് , WSSS ഓർഗാനിക് ഫാമിംഗ് കോർഡിനേറ്റർ ശ്രീ. വി.എ. ജോസ്, SWS കോർഡിനേറ്റർ ശ്രീ. കെ. ഒ. ജോയി, ശ്രീ. സി. വി. ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

കോട്ടത്തറ പഞ്ചായത്ത് വികസനമുഖാമുഖം പരിപാടി ഒക്ടോബർ 21 ന് വെണ്ണിയോട് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി. പി. ലീല ഉദ്ഘാടനം ചെയ്തു. ശ്രീ. അനിൽ തോമസ്, ശ്രീ. പി. എ. ജോസ് പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. ഇബ്രാഹിം, കുടുംബചാർജ് ഓഫീസർ ശ്രീ. ഫൈസൽ, കൃഷി ഓഫീസർ ശ്രീ. ടി. ശിവദാസൻ, മിൽക്ക് സൊസൈറ്റി സെക്രട്ടറി ശ്രീ.സുമേഷ് എന്നിവർ പങ്കെടുത്തു.

മാനന്തവാടി പഞ്ചായത്തിൽ WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ മുഖാമുഖം പരിപാടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സിൽവി തോമസ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. അഡ്വ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. അനിൽ തോമസ്, ശ്രീ. പി. എ. ജോസ്, ശ്രീ. ഒ. പി. അബ്രാഹം, ശ്രീ. കെ. ഒ. ജോയി, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. സണ്ണി ജോർജ്, ശ്രീമതി നന്ദിനി വേണുഗോപാൽ, ക്ഷീരവികസന ഓഫീസർ ശ്രീമതി അനിതാംബിക, ഫാർമേഴ്സ് ബാങ്ക് എം.ഡി ശ്രീ. സി. വി. ജോയി, സാമൂഹ്യക്ഷേമ വകുപ്പ് സൂപ്പർവൈസർ ശ്രീമതി മേരി, ശ്രീമതി രാധ, കൃഷി ഓഫീസർ ശ്രീ. ശങ്കരൻ എന്നിവർ പങ്കെടുത്തു.

## ജൈവകർഷക ദ്വിദിന പരിശീലനം

മാനന്തവാടി പഞ്ചായത്തിലെ ജൈവകർഷക പരിശീലന പരിപാടി WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 7, 8 തീയതികളിൽ പടമല സെന്റ് അൽഫോൻസ ചർച്ച് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ സി. ബിജി SKD, ശ്രീ. ജോൺസൺ. പി. വി, തിരുനെല്ലി പഞ്ചായത്ത് കൃഷി ഓഫീസർ ശ്രീ. മണികണ്ഠൻ, ശ്രീ. കെ. എൽ. മാർട്ടിൻ, ശ്രീ. ജോഷി, പി. എ. ജോസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ജൈവവള നിർമ്മാണം (അമൃതപാനി) പരിപാടിയുടെ ഭാഗമായി നടത്തി.

ഒക്ടോബർ 23, 24 തീയതികളിൽ വെണ്ണിയോട് കമ്മ്യൂണിറ്റി ഹാളിൽ ജൈവകർഷക പരിശീലന പരിപാടി സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി. റ്റി. ലീല ഉദ്ഘാടനം ചെയ്തു. ശ്രീ. പി. എ. ജോസ്, ശ്രീ. കെ. എൽ. മാർട്ടിൻ, ശ്രീ. പി. വി. ജോൺസൺ, ശ്രീമതി ജെ. പി. റോസ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. പരിശീലന പരിപാടിയുടെ ഭാഗമായി ജൈവവള നിർമ്മാണം നടത്തി.

ഒക്ടോബർ 27, 28 തീയതികളിൽ പടിഞ്ഞാറത്തറ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ജൈവകർഷക പരിശീലന പരിപാടി

സംഘടിപ്പിച്ചു. വാർഡ് മെമ്പർ ശ്രീ. കെ. റ്റി. ശ്രീധരൻ മാസ്റ്റർ പരിപാടി ഉദ്ഘാടനം ചെയ്തു. ശ്രീ. പി. വി. ജോൺസൺ, ശ്രീ. കെ. എൽ. മാർട്ടിൻ, ശ്രീ. പി. എ. ജോസ്, ശ്രീമതി അന്നമ്മ സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ജൈവകൃഷിയുടെ ആവശ്യകത, സാധ്യതകൾ, ജൈവ സർട്ടിഫിക്കേഷൻ, മാർക്കറ്റിംഗ്, ജൈവകീടനിയന്ത്രണം തുടങ്ങിയവയായിരുന്നു പരിശീലന പരിപാടിയുടെ വിഷയങ്ങൾ.

സാന്ത്വന സൗഹൃദം, കഴിഞ്ഞ വർഷത്തെ വരുമാനവർദ്ധക പരിപാടിയുടെ വിലയിരുത്തൽ തുടങ്ങിയവ മൂന്നു പഞ്ചായത്തുകളിലും നടത്തി.

## ഫാം വയനാട് ട്രൈബൽ പ്രോജക്റ്റ്

രണ്ട് ക്ലസ്റ്ററുകളിലായി പത്ത് യൂണിറ്റ് രൂപീകരിച്ചു. എല്ലാ യൂണിറ്റുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിന് 25-10-09 ന് അരിക്കുളം കോളനിയിൽ വാർഡ് മെമ്പർ ശ്രീമതി അസ്മാബീവി പച്ചക്കറി വിത്ത് നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. 26-10-09 ന് ചീരപ്പൊയിൽ കോളനിയിൽ വാർഡ് മെമ്പർ ശ്രീമതി സന്ധ്യ പച്ചക്കറി വിത്ത് നൽകി ഉദ്ഘാടനം ചെയ്തു. അരിക്കുളം കോളനിയിൽ നെൽകൃഷിക്ക് ജൈവവളം നൽകി സാന്ത്വനസൗഹൃദം, ബാലവേദി മീറ്റിംഗ് എന്നീ പ്രവർത്തനങ്ങൾ ട്രൈബൽ ക്ലസ്റ്ററുകളിൽ നടത്തി.

## പരിശീലനത്തിൽ പങ്കെടുത്തു

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ ഒക്ടോബർ 5 മുതൽ 8 വരെ ഡൽഹിയിൽ വച്ച് നടത്തിയ 'ന്യൂഡയറക്ടേഴ്സ് ഓറിയന്റേഷൻ പ്രോഗ്രാമിൽ' WSSS നെ പ്രതിനിധീകരിച്ച് WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ പങ്കെടുത്തു.

നാഷണൽ അഗ്രികൾച്ചർ ഇന്നവോഷൻ പ്രോജക്ടിന്റെ ഭാഗമായി ഒക്ടോബർ 19 മുതൽ 23 വരെ ലക്നൗ IIM യിൽ വച്ച് നടത്തിയ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം ട്രെയിനിംഗിൽ WSSS ഡയറക്ടർ പങ്കെടുത്തു.

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 26, 27 തീയതികളിൽ കോട്ടയം ആമോസ് സെന്ററിൽ വച്ച് നടത്തിയ 'ഗുഡ് ഗവേൺസ്' പരിശീലനത്തിൽ കോർഡിനേറ്റർ കെ. ഒ. ജോയി പങ്കെടുത്തു.

28, 29 തീയതികളിൽ എറണാകുളം വെൽഫയർ സൊസൈറ്റിയിൽ വച്ച് നടത്തിയ 'ജെൻണ്ടർ മെയ്ൻ സ്ട്രീമിംഗ്' പരിശീലനത്തിൽ ലീഗൽ എയ്ഡ് സെന്റർ കോർഡിനേറ്റർ എൽബി മാത്യു പങ്കെടുത്തു.

**സന്ദർശനം**

കാലവർഷക്കെടുതിയോടനുബന്ധിച്ച് WSSS നടപ്പാക്കിയ ദുരിതാശ്വാസ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി കാരിത്താസ് ഇന്ത്യയുടെ പ്രോജക്റ്റ് ഓഫീസർ സെബാസ്റ്റ്യൻ ഒക്ടോബർ 21, 22 തീയതികളിൽ WSSS സന്ദർശിച്ചു. ഫീൽഡ് തലത്തിലുള്ള അവലോകനത്തിനായി ചോവ്വകോളനി, കുറുമണി, ചെറുകാട്ടൂർ, അമലനഗർ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു.

**KLM യൂണിറ്റുകൾ രൂപീകരിച്ചു**

വെള്ളൂന്നി, കുറുമണി, പറളിക്കുന്ന് എന്നീ ഇടവകകളിൽ KLM യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. KLM സംസ്ഥാന വൈസ്പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ യൂണിറ്റ് രൂപീകരണത്തിന് നേതൃത്വം നൽകി.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, WSSS മാനന്തവാടി



# അറിയിപ്പുകൾ

## 1) വൊക്കേഷൻ ബ്യൂറോ

ബഹുമാനപ്പെട്ട അച്ചന്മാരേ,

ഈ ക്രിസ്തുമസ് അവധിക്കാലത്ത് നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് 2009 ഡിസംബർ 27-ാം തീയതി വൈകുന്നേരം 4 മണിമുതൽ 29-ാം തീയതി രാവിലെ 9 മണിവരെ അൾത്താരയിൽ ശുശ്രൂഷ ചെയ്യുന്ന 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി ഒരു ക്യാമ്പ് സംഘടിപ്പിക്കുന്ന വിവരം സ്നേഹത്തോടെ അറിയിക്കട്ടെ. വൈദികവർഷത്തിൽ, വൈദികജീവിതത്തോട് താൽപര്യമുള്ളവരെ പ്രത്യേകം തിരഞ്ഞെടുത്ത് അയയ്ക്കുമല്ലോ.

ക്യാമ്പിന് വരുന്ന കുട്ടികൾ നോട്ടുബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസില്ല.

**റെക്ടർ, മൗണ്ട്മേരി കോളേജ്**

ഫോൺ: 9446892434

## 2) സ്വർഗ്ഗീയമന്ന 2009 - യുവജനധ്യാനം

"അവൻ അവരോടൊപ്പം ഭക്ഷണത്തിനിരിക്കെ, അപ്പമെടുത്തു വാഴ്ത്തി വിഭജിച്ച് അവർക്ക് കൊടുത്തു. അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു" (ലൂക്കാ 24:30)

പ്രിയ യുവജനങ്ങളെ, നിങ്ങളെ അറിയാൻ ആ അറിവിലൂടെ നിങ്ങളുടെ ദൈവത്തെ അറിയാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ഈ തിരുപിറവിക്കാലം കുറച്ചു ദിവസം അവനോടൊപ്പമിരിക്കാം....

**മാനന്തവാടി ബോയ്സ് ടൗണിൽ ഡിസംബർ 20-23** തീയതികളിൽ നടത്തപ്പെടുന്നു.

ഫാ. അബ്രാഹം പള്ളിവാതുക്കൽ SJ, ബ്രദർ. രാജു അഗസ്റ്റിൻ SJ, MSMI സിസ്റ്റേഴ്സ് (കുളത്തുവയൽ) എന്നിവർ നേതൃത്വം നൽകുന്നു.

രജിസ്ട്രേഷൻ ഫീസ് - 300/-

ബന്ധപ്പെടേണ്ട വിലാസം:

Br. Raju Augustine SJ
Sarvodaya Jesuit House
Eachome P.O. - 670 721
Ph: 9544035847, 04936 - 286862

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇടവക വികാരിയച്ചന്റെ കത്തുമായി വരേണ്ടതാണ്.

**Br. Raju Augustine SJ**

## 3) ഫോർമേറ്റേഴ്സ് കോഴ്സ്

ആലപ്പുഴ (പുന്നപ്ര) ദനഹാലയ - An Year 2000 Great Jubilee Memorial Centre for Psycho-Spiritual Growth എന്ന ആരാധനാലയം - യുടെ പഠന കേന്ദ്രത്തിൽ ഫോർമേറ്റേഴ്സിനുവേണ്ടി **2010 ജൂൺ 15-ാം തീയതി മുതൽ 2011 ഏപ്രിൽ 15-ാം** തീയതി വരെ പത്തുമാസങ്ങൾ നീണ്ടുനിൽക്കുന്ന പതിനെട്ടാമത്തെ ദീർഘകാല കോഴ്സും **2010 മെയ് 3-ാം തീയതി മുതൽ 28-ാം** തീയതി വരെ നാല് ആഴ്ചകൾ നീണ്ടുനിൽക്കുന്ന രണ്ടാമത്തെ ഹ്രസ്വകാല കോഴ്സും നടത്തപ്പെടുന്നു. ഫോർമേഷനെക്കുറിച്ചും അതിനോടു ബന്ധപ്പെടുന്ന ദൈവശാസ്ത്രം, ആധ്യാത്മിക ശാസ്ത്രം, മന:ശാസ്ത്രം, പ്രത്യേകിച്ച് ഡെപ്ത് സൈക്കോളജി, മോട്ടിവേഷനൽ ആന്റ് പെഴ്സണാലിറ്റി അസ്സെസ്സ്മെന്റ് തുടങ്ങിയ വിഷയങ്ങളിലും കൗൺസിലിംഗ്, സ്പിരിച്ചൽ ഡയറക്ഷൻ, വൊക്കേഷണൽ ഗ്രോത്ത് സെഷൻസ് തുടങ്ങിയ പ്രായോഗിക മാർഗ്ഗങ്ങളിൽ പരിശീലനം നൽകുന്നതിലും ആഴമായ അറിവും അനുഭവങ്ങളും ഉള്ള വ്യക്തികൾ ഈ കോഴ്സുകൾ നയിക്കുന്നു. ഫോർമേഷൻ ശുശ്രൂഷയിലും സമൂഹങ്ങളുടെ ആനിമേഷൻ (സുപ്പീരിയേഴ്സ്) ശുശ്രൂഷകളിലും കൂടുതൽ പരിശീലനം ആഗ്രഹിക്കുന്നവർക്ക് ഈ കോഴ്സുകൾ നല്ല അവസരങ്ങളാണ്. ആഴ്ചയിൽ തിങ്കൾ മുതൽ വെള്ളി വരെയായിരിക്കും ഹ്രസ്വകാല കോഴ്സ് നടക്കുക. ഓരോ ദിവ

സവും രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും കോഴ്സ് സമയം.

വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക.

Director, Danahalaya, Punnapra
Alappuzha - 688004, Kerala, India
Ph: 0477-2287808, Mob: 9497636538, 9809772722
E-mail: tdaya@rediffmail.com

## 4) സീറോമലബാർ റിസർച്ച് സെന്ററിന്റെ പ്രഥമപുരസ്കാരം പ്രൊഫ. ജോർജ് മേനാച്ചേരിക്ക്

സീറോമലബാർ റിസർച്ച് സെന്ററിന്റെ പ്രഥമ പുരസ്കാരത്തിന് ചരിത്രകാരനും കലാ - സാംസ്കാരിക ഗവേഷകനുമായ പ്രൊഫ. ജോർജ് മേനാച്ചേരിയെ തെരഞ്ഞെടുത്തിരിക്കുന്നു. സഭാകാര്യാലയ മായ മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന ഗവേഷണ സെമിനാറിന്റെ ഉദ്ഘാടന സമ്മേളനത്തിൽ റിസർച്ച് സെന്റർ ചെയർമാൻ ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത് അവാർഡ് പ്രഖ്യാപിച്ചു. സീറോമല ബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായുള്ള റിസർച്ച് സെന്ററിന്റെ പത്താം പിറന്നാളിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പുരസ്കാര ത്തിനുള്ള നാമനിർദ്ദേശങ്ങൾ ഡയറക്ടർബോർഡും ജഡ്ജിംഗ് കമ്മി റ്റിയും പഠിച്ചതിനുശേഷം സഭയുടെ സിനഡാണ് അന്തിമ അംഗീ കാരം നൽകിയത്. ഇരുപത്തയ്യായിരം രൂപയും കീർത്തിപത്രവും, ഫലകവും അടങ്ങിയതാണ് ഗവേഷണകേന്ദ്രം സ്ഥാപിച്ചിട്ടുള്ള പ്രസ്തുത അവാർഡ്.

പ്രൊഫ. ജോർജ് മേനാച്ചേരി എഡിറ്റ് ചെയ്ത സെന്റ് തോമസ് ക്രിസ്റ്റ്യൻ എൻസൈക്ലോപീഡിയ ഓഫ് ഇൻഡ്യ (മൂന്നുവാല്യങ്ങൾ) ഇൻഡ്യൻ ചർച്ച് ഹിസ്റ്ററി ക്ളാസിക് തുടങ്ങിയ സാഹിത്യ റഫറൻസ് ഗ്രന്ഥങ്ങളിലൂടെയും, പള്ളിക്കലകൾ, ഗ്ലിംപ്സ് ഓഫ് നസ്രാണി ഹെരി റ്റേജ് തുടങ്ങി നിരവധി കൃതികളിലൂടെയും വിവിധ വെബ് സൈറ്റുകളി ലൂടെയും ഇൻഡ്യയിലും വിദേശങ്ങളിലുമായി നടത്തപ്പെട്ട നിരവധി സെമിനാറുകളിലെ പ്രബന്ധങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമ പരി പാടികളിലൂടെയും, പ്രസംഗ പരമ്പരകളിലൂടെയും, ചരിത്രസാംസ്കാ രിക പ്രദർശനങ്ങളിലൂടെയും, നേതൃത്വം നൽകിയ മ്യൂസിയങ്ങളിലൂ

ടെയും കഴിഞ്ഞ നാലു പതിറ്റാണ്ടിലേറെയായി പ്രൊഫസർ ചെയ്തു കൊണ്ടേയിരിക്കുന്ന ചരിത്ര-കലാ-സാംസ്കാരിക ഗവേഷണ പ്രവർത്തനങ്ങൾ മുൻനിറുത്തിയാണ് അദ്ദേഹത്തെ അവാർഡിന് തെരഞ്ഞെടുത്തത്. സീറോമലബാർ സഭാ സിനഡിന്റെ അംഗീകാരത്തോടെ ഓരോ വർഷവും നൽകുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ക്രൈസ്തവ പോഷണാർത്ഥം ദൈവശാസ്ത്രം, സാഹിത്യം, കല, സംസ്കാരം, ചരിത്രം, ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ സേവനങ്ങൾ കാഴ്ചവച്ചവരെയാണ് പരിഗണിക്കുന്നത്.

തൃശൂർ സെന്റ് തോമസ് കോളേജ് പ്രൊഫസറും ചരിത്രവകുപ്പു തലവനുമായിരുന്ന പ്രൊഫ. ജോർജ് മേനാച്ചേരി ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനുമായി സ്വയം വിരമിച്ചതിനുശേഷം ഇപ്പോൾ ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇൻഡ്യ സെക്രട്ടറി ജനറൽ ആയും, കാലിക്കട്ട് യൂണിവേഴ്സിറ്റി ക്രിസ്റ്റ്യൻ ചെയർ ഗവേണിംഗ് ബോഡി അംഗമായും, വിവിധ കമ്മീഷനുകളിൽ അംഗമായും, നിരവധി റഫറൻസ് ഗ്രന്ഥങ്ങളുടെ എഡിറ്ററായും ഗവേഷണപഠനങ്ങൾ തുടരുന്നു. ഒട്ടനവധി സൈറ്റുകളുടെ വെബ് മാസ്റ്ററും എഡിറ്ററുമായും ആലുവ സെന്റ് ജോസഫ്സ്, ബാംഗ്ലൂർ, ധർമ്മാരാം എന്നിവിടങ്ങളിൽ വിസിറ്റിംഗ് പ്രൊഫസറായും സേവനം ചെയ്യുന്നു.

സഭയുടെ ചരിത്രം ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവയുടെ പരിപോഷണത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗവേഷണകേന്ദ്രത്തിന്റെ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ പുരസ്ക്കാരം ഏർപ്പെടുത്തുന്നത്. മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ രക്ഷാധികാരിയും ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത് ചെയർമാനും ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട് സിനഡ് പ്രതിനിധിയും ഫാ. ഡോ. പോളി കണ്ണൂക്കാടൻ എക്സിക്യൂട്ടീവ് ഡയറക്ടറും ഫാ. ഡോ. ജോസ് പാലക്കിൽ, ഫാ. ഡോ. പോളി മണിയാട്ട് ഡയറക്ടർ ബോർഡ് അംഗങ്ങളുമായിരിക്കുന്ന സമിതിയാണ് ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അവാർഡ് ഏറ്റവും അനുയോജ്യമായ അവസരത്തിൽ സമർപ്പിക്കപ്പെടുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോളി കണ്ണൂക്കാടൻ അറിയിച്ചു. തീയതി പിന്നീട് അറിയിക്കും.



# Programme

## Pastoral Centre, Dwaraka

### *December - 2009*

| | | |
|---|---|---|
| *04 Fri* | - | *Zion CRC: Night Vigil* |
| *05 Sat* | - | *Zion CRC : Prayer Day,* |
| | | *One day Bible Convention* |
| *07 Mon* | - | *CMA General Body & Election* |
| *11 Fri Evening* | - | *CML, Jesus Youth* |
| *12 Sat* | - | *Jesus Youth: Prayer Day,* |
| | | *CML Managing Committee* |
| *12 Sat 15 Tue* | - | *Marriage Preparation Course* |
| *18 Fri 22 Tue* | - | *Zion : Marian Retreat* |
| *26 Sat* | - | *Corporate* |
| *27 Sun* | - | *Cat: DCC;* |
| *Evening* | - | *CML Team Meeting* |
| *29 Tue* | - | *Cat: Team Meeting* |
| *28 Mon 31Thu* | - | *Marriage Preparation Course* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *2009 December*

| | |
|---|---|
| *03 Thu ...............* | *Kannur* |
| *04 Fri ................* | *Out of Station* |
| *05 Sat ................* | *Dwaraka: One Day Bible Convention* |
| *06 Sun ................* | *Thalanji : Parish Jublilee Conclusion & Parish Hall Blessing* |
| *07 Mon .............* | *Joint Meeting of Directors of Associations* |
| *09 Wed 13 Sun..* | *Ernakulam, KCBC* |
| *14 Mon .............* | *Visitors' Day* |
| *16 Wed .............* | *Nadavayal, Synaxis of CMC Sisters* |
| *18 Fri ................* | *Out of Station* |
| *19 Sat 20 Sun ...* | *Narivalamunda : Pastoral Visit* |
| *21 Mon .............* | *Deepthi Bhavan, Synaxis of FCC Sisters* |
| *22 Tue ...............* | *Bathery, KCYM Convention* |
| *23 Wed ............* | *Visitors' Day* |
| *24 Thu 25 Fri ....* | *Cathedral* |
| *26 Sat Morning* | *Kacherikadavu : Ordination of Deacons Manoj Plathottam MCBS, Anoop Narimattathil CST & Sijo Thottathil CST* |

| | | |
|---|---|---|
| | Afternoon | Angadikadavu : Ordination of Dn. Stephen Mylackal MCBS |
| 27 Sun | .............. | Puthiyidomkunnu : Pastoral Visit |
| 29 Tue | ............... | Kalpra : Blessing of Presbytery |
| 30 Wed | .............. | Kartikulam: Jubilee of Jayamatha Childrens' Home |
| 31 Thu | ............... | Edoor : Ordination of Deacon Thomas Parathanath CMF |

## 2010 January

| | | |
|---|---|---|
| 01 Fri | ............... | Out of Station |
| 02 Sat | Morning | Kayyunni : Ordination of Dn. Siby Kolatt TOR |
| | Afternoon | Rippon : 75th Anniversary of the Foundation of the Congregation of Sisters of Redemption |
| 03 Sun | .............. | Pudussery : Pastoral Visit |
| 04 Mon | Morning | Mundannur : Ordination of Dn. Siju Pettapuzha O.Pream |
| | Afternoon | Vellamunda : Ordination of Dn. Baiju Poovathumoottil TOR |
| 05 Tue | ............... | Poolakutty : Ordination of Dn. Renil Chandrankunnel O.Pream |
| 06 Wed | ........... | Vazhavatta : Ordination of Dn. Siby Thadathil O.Pream |
| 08 Fri | ................ | Out of Station |
| 09 Sat | ................ | Kayyunni : School Jubilee Conclusion and Anniversary |
| 10 Sun 16 Sat | ... | Mount St. Thomas, Synod |
| 18 Mon | ............. | Visitors' Day |
| 20 Wed | .............. | Kartikulam : Blessing of the Church |

| | | |
|---|---|---|
| 22 Fri | ................ | Out of Station |
| 23 Sat | ................ | Vadakkanad : Parish Day |
| 24 Sun | Morning | Kottathara : Parish Jubilee |
| | Afternoon | Vilambukandam : Parish Jubilee |
| 25 Mon | .............. | Visitors' Day |
| 26 Tue | ............... | Priests' Conference |
| 28 Thu | .............. | Ambayathode : Ordination of Dn. Vinod Thennattil, Rosminian |
| 29 Fri | ............... | Out of Station |
| 30 Sat | ............... | Panamaram : Blessing of Padre Pio Ashram |
| 31 Sun | ............... | Boy's Town : Pastoral Visit |

# 37-ാം പുസ്തകത്തിലെ വിഷയവിവരം

**Index**

## ജനുവരി - 2009


സർക്കുലർ ........................................................ 03-06
ഇടയലേഖനം .................................................... 07-12
രൂപതാ കച്ചേരി വാർത്തകൾ ................................. 13-18
പ്രസ്ബിറ്ററൽ കൗൺസിൽ ..................................... 19-21
ദൈവവചനവർഷം .............................................. 22-25
റീജിയണൽ വാർത്തകൾ ....................................... 26-29
മതബോധനരംഗം ............................................... 30-31
ചെറുപുഷ്പമിഷൻലീഗ്............................................ 32-37
കെ. സി. വൈ. എം. ............................................ 38-47
കുടുംബപ്രേഷിതത്വം ............................................ 48-49
സിയോൻ വാർത്തകൾ ......................................... 50-53
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 54-56
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി.......................... 57-59
സാമൂഹ്യസേവന രംഗം ........................................ 60-64
വിദ്യാഭ്യാസ മണ്ഡലം............................................ 65-85
പി. ആർ. ഒ. വാർത്തകൾ ................................... 86-88
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 89-89
ബിഷപ്സ് പ്രോഗ്രാം ............................................. 90-92


## ഫെബ്രുവരി - 2009


സർക്കുലർ - തിരുബാലസഖ്യദിനം .......................... 95-98
സർക്കുലർ ........................................................ 99-102
സർക്കുലർ ........................................................ 103-107
സ്വതന്ത്ര കുരിശുപള്ളിയായി
ഉയർത്തിക്കൊണ്ടുള്ള ഡിക്രി ................................... 108-110
ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി........................ 111-114
രൂപതാ കച്ചേരി വാർത്തകൾ.................................. 115-116
വിദ്യാഭ്യാസ സഹായനിധി ...................................... 117-119
റീജിയണൽ വാർത്തകൾ ........................................ 120-122
മതബോധനരംഗം ................................................ 123-125
ചെറുപുഷ്പമിഷൻലീഗ് .......................................... 126-132
കെ. സി. വൈ. എം. ............................................ 133-142
കുടുംബപ്രേഷിതത്വം ............................................ 143-148
സിയോൻ വാർത്തകൾ........................................... 149-152
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 153-155

ജയിൽ മിനിസ്ട്രി ........ 156-157
സാമൂഹ്യസേവന രംഗം ........ 158-161
ക്രിസ്റ്റീൻ വാർത്തകൾ ........ 162-162
ദൈവവിളി ക്യാമ്പ് ........ 163-163
അറിയിപ്പുകൾ ........ 164-165
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 166-166
ബിഷപ്സ് പ്രോഗ്രാം ........ 167-168

## മാർച്ച് - 2009

ഇടയലേഖനം ........ 171-174
സർക്കുലർ ........ 175-179
സർക്കുലർ ........ 180-182
രൂപതാ കച്ചേരി വാർത്തകൾ ........ 183-196
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 197-199
വൈദികസമ്മേളനം റിപ്പോർട്ട് ........ 200-201
NOTES ON TAXATION AND OTHER STATUTES OF CENTRAL AND STATE GOVERNMENTS AFFECTING RELIGIOUS & CHARITABLE INSTITUTIONS ........ 202-209
മതബോധനരംഗം ........ 210-217
ചെറുപുഷ്പമിഷൻലീഗ് ........ 218-225
കെ. സി. വൈ. എം. ........ 226-230
കുടുംബപ്രേഷിതത്വം ........ 231-231
സിയോൻ വാർത്തകൾ ........ 232-234
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 235-239
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........ 240-241
സാമൂഹ്യസേവന രംഗം ........ 242-243
ദൈവവിളി ക്യാമ്പ് ........ 244-244
വിദ്യാഭ്യാസ മണ്ഡലം ........ 245-249
അറിയിപ്പുകൾ ........ 250-251
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 252-253
ബിഷപ്സ് പ്രോഗ്രാം ........ 254-256

## ഏപ്രിൽ - 2009

സർക്കുലർ ........ 259-262
സർക്കുലർ ........ 263-265
ഇടയലേഖനം ........ 266-271
സർക്കുലർ ........ 272-280
രൂപതാ കച്ചേരി വാർത്തകൾ ........ 281-284

പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ..................... 285-287
റീജിയണൽ വാർത്തകൾ ........................................ 288-289
മതബോധനരംഗം ................................................... 290-291
ചെറുപുഷ്പമിഷൻലീഗ് .......................................... 292-297
കെ. സി. വൈ. എം. ............................................... 298-303
കുടുംബപ്രേഷിതത്വം ............................................. 304
സിയോൻ വാർത്തകൾ ............................................ 305-308
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 309-311
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ....................... 312
ജയിൽ മിനിസ്ട്രി .................................................. 313
ക്രിസ്റ്റീൻ വാർത്തകൾ .......................................... 314
സാമൂഹ്യസേവന രംഗം ......................................... 315-322
വിദ്യാഭ്യാസ മണ്ഡലം ............................................ 323-334
ന്യൂമാൻസ് കോളേജ്............................................... 335-336
അറിയിപ്പുകൾ ...................................................... 337-340
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................. 341
ബിഷപ്സ് പ്രോഗ്രാം ............................................... 342-344

## മെയ് - 2009

സർക്കുലർ ............................................................ 347-353
സർക്കുലർ ............................................................ 354-357
സർക്കുലർ ............................................................ 358-360
സർക്കുലർ ............................................................ 361
രൂപതാ കച്ചേരി വാർത്തകൾ.................................. 362-363
മതബോധനരംഗം ................................................... 364-395
ചെറുപുഷ്പമിഷൻലീഗ് .......................................... 396-399
കെ. സി. വൈ. എം. ............................................... 400-406
കുടുംബപ്രേഷിതത്വം ............................................. 407-409
സിയോൻ വാർത്തകൾ ............................................ 410-412
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 413-414
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ....................... 415-416
അറിയിപ്പുകൾ ...................................................... 417
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................. 418

## ജൂൺ - 2009

സർക്കുലർ ............................................................ 421-424
സർക്കുലർ ............................................................ 425-432
ഇടയലേഖനം ........................................................ 433-437

രൂപതാ കച്ചേരി വാർത്തകൾ ................................ 438-448
സ്വതന്ത്ര കുരിശുപള്ളിയായി
ഉയർത്തിക്കൊണ്ടുള്ള ഡിക്രി ......... 449-451
സ്വതന്ത്ര കുരിശുപള്ളിയായി
ഉയർത്തിക്കൊണ്ടുള്ള ഡിക്രി ....... 452-454
രൂപതാദിനം 2009 റിപ്പോർട്ട് ................................ 455-457
വിദ്യാഭ്യാസ സഹായനിധി ................................ 458-461
Education Aid Fund & Effect ................................ 462-463
COLLECTIONS FOR THE YEAR 2008 - 2009 ................................ 464-472
മതബോധനരംഗം ................................ 473-477
ചെറുപുഷ്പമിഷൻലീഗ് ................................ 478-486
കെ. സി. വൈ. എം. ................................ 487-490
കുടുംബപ്രേഷിതത്വം ................................ 491-493
സിയോൻ വാർത്തകൾ ................................ 494-495
വിൻസെന്റ് ഡി പോൾ സൊസൈറ്റി ................................ 496
ജയിൽ മിനിസ്ട്രി ................................ 497
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ................................ 498-499
ക്രിസ്റ്റീൻ വാർത്തകൾ ................................ 500
സാമൂഹ്യ സേവനരംഗം ................................ 501-508
റേഡിയോ മാറ്റൊലി ................................ 509-510
അറിയിപ്പുകൾ ................................ 511-512
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 513
ബിഷപ്സ് പ്രോഗ്രാം ................................ 514

**ജൂലൈ - 2009**

സർക്കുലർ ................................ 519-525
ഇടയലേഖനം ................................ 526-533
വൈദികവർഷം ................................ 534-536
സർക്കുലർ ................................ 537-539
രൂപതാ കച്ചേരി വാർത്തകൾ ................................ 540-548
Letter for the Year for Priests by Cardinal Claudio Hummes
Prefect, Congregation for the Clergy ................................ 549-551
സെമിനാരി വാർത്തകൾ ................................ 552-554
മതബോധനരംഗം ................................ 555-558
ചെറുപുഷ്പമിഷൻലീഗ് ................................ 559-565
കെ. സി. വൈ. എം. ................................ 566-575
കുടുംബപ്രേഷിതത്വം ................................ 576-578
സിയോൻ വാർത്തകൾ ................................ 579-581

വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 582-583
ജയിൽ മിനിസ്ട്രി ........................ 584-584
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 585-587
സാമൂഹ്യ സേവനരംഗം ........................ 588-591
റേഡിയോ മാറ്റൊലി ........................ 592-593
വി. കുർബാനയുടെ ആരാധന ........................ 594-596
അറിയിപ്പുകൾ ........................ 597-602
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................ 603
ബിഷപ്സ് പ്രോഗ്രാം ........................ 604

## ഓഗസ്റ്റ് - 2009

സർക്കുലർ ........................ 607-610
വൈദീകവർഷം ........................ 611-613
രൂപതാ കച്ചേരി വാർത്തകൾ ........................ 614-616
റീജിയണൽ വാർത്തകൾ ........................ 617-618
മതബോധനരംഗം ........................ 619-625
ചെറുപുഷ്പമിഷൻലീഗ് ........................ 626-635
കെ. സി. വൈ. എം. ........................ 636-646
കുടുംബപ്രേഷിതത്വം ........................ 647-648
സിയോൻ വാർത്തകൾ ........................ 649-652
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 653
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 654-655
സാമൂഹ്യ സേവനരംഗം ........................ 656-659
സീറോ-മലബാർ സഭയിൽ അല്മായ മുന്നേറ്റം ........................ 660-668
അറിയിപ്പുകൾ ........................ 669-675
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................ 676
ബിഷപ്സ് പ്രോഗ്രാം ........................ 677-678
പ്രാർത്ഥനകൾ ........................ 679

## സെപ്റ്റംബർ - 2009

വൈദീകവർഷം ........................ 683-684
രൂപതാ കച്ചേരി വാർത്തകൾ ........................ 685-690
വൈദീക സമ്മേളനം റിപ്പോർട്ട് ........................ 691-694
റീജിയണൽ വാർത്തകൾ ........................ 695-696
മതബോധനരംഗം ........................ 697-699
ചെറുപുഷ്പമിഷൻലീഗ് ........................ 700-710
കെ. സി. വൈ. എം. ........................ 711-716
കുടുംബപ്രേഷിതത്വം ........................ 717-720

സിയോൻ വാർത്തകൾ ........................................ 721-722
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 723-724
ജയിൽ മിനിസ്ട്രി ................................................ 725-725
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 726
സാമൂഹ്യ സേവനരംഗം ........................................ 727-731
റേഡിയോ മാറ്റൊലി ............................................ 732-734
അറിയിപ്പുകൾ .................................................. 735-737
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 738
ബിഷപ്സ് പ്രോഗ്രാം ............................................ 739-740

## ഒക്ടോബർ - 2009

സർക്കുലർ ........................................................ 743-752
പരി.പിതാവിന്റെ സന്ദേശം .................................... 753-758
വൈദീകവർഷം .................................................. 759
രൂപതാ കച്ചേരി വാർത്തകൾ .................................. 760-761
റീജിയണൽ വാർത്തകൾ ........................................ 762-763
മതബോധനരംഗം .................................................. 764-766
ചെറുപുഷ്പമിഷൻലീഗ് .......................................... 767-777
കെ. സി. വൈ. എം. .............................................. 778-783
കുടുംബപ്രേഷിതത്വം ............................................ 784-787
സിയോൻ വാർത്തകൾ ............................................ 788-791
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 792-793
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 794-795
സാമൂഹ്യ സേവനരംഗം .......................................... 796-801
അറിയിപ്പുകൾ .................................................... 802-803
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 804
ബിഷപ്സ് പ്രോഗ്രാം .............................................. 805-806

## നവംബർ - 2009

സർക്കുലർ ........................................................ 809-814
സർക്കുലർ ........................................................ 815-821
വിശ്വാസത്തെ വെല്ലുവിളിക്കുന്ന
വിഘടിത വിഭാഗങ്ങൾ .......................................... 822-830
വൈദീകവർഷം .................................................. 831-832
രൂപതാ കച്ചേരി വാർത്തകൾ .................................. 833-836
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .............................. 837-840
റീജിയണൽ വാർത്തകൾ ........................................ 841-842
മതബോധനരംഗം .................................................. 843-846

ചെറുപുഷ്പമിഷൻലീഗ് .......................................... 847-859
കെ. സി. വൈ. എം. .............................................. 860-860
കുടുംബപ്രേഷിതത്വം .......................................... 870-873
സിയോൻ വാർത്തകൾ .......................................... 874-876
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 877-879
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 880-882
സാമൂഹ്യ സേവനരംഗം ........................................ 883-886
PRABHU YESU MAHOTSAVE 2009 .............................. 887-890
അറിയിപ്പുകൾ ....................................................... 891-897
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 898
ബിഷപ്സ് പ്രോഗ്രാം .............................................. 899-900

## ഡിസംബർ - 2009

ഇടയലേഖനം ......................................................... 903-906
സർക്കുലർ ............................................................ 907-908
സർക്കുലർ ............................................................ 909-910
ഇടയലേഖനം ......................................................... 911-915
വൈദീകവർഷം ....................................................... 916-917
സഹവൈദീകർക്കായുള്ള
ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ എഴുത്ത് ............... 918-925
രൂപതാ കച്ചേരി വാർത്തകൾ ................................ 926-928
പുനരധിവാസ പ്രവർത്തനങ്ങൾ .......................... 929-933
Apostolic Constitution Anglicanorum coetibus
Providing for Personal Ordinariates for Anglicans
Entering into Full Communion with the Catholic Church .............. 934-939
മതബോധനരംഗം .................................................. 940-942
ചെറുപുഷ്പമിഷൻലീഗ് .......................................... 943-951
കെ. സി. വൈ. എം. .............................................. 952-957
കുടുംബപ്രേഷിതത്വം .......................................... 958-963
സിയോൻ വാർത്തകൾ .......................................... 964-966
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 967-968
ജയിൽ മിനിസ്ട്രി .................................................. 969
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 970-972
സാമൂഹ്യ സേവനരംഗം ........................................ 973-977
അറിയിപ്പുകൾ ....................................................... 978-981
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 982
ബിഷപ്സ് പ്രോഗ്രാം .............................................. 983-985
37-ാം പുസ്തകത്തിലെ വിഷയവിവരം ................... 986-992



*Many young people nowadays admiringly call Jesus "The Man for Others". They are attracted by His compassion, healing and listening, all for others. But, surely, this is not the full and complete and true picture of Jesus. The necessary corrective is to know that He lived for others, because He lived for God. He loved Others because he first loved God. Jesus Christ was completely given over to the service of others, because He was completely given over to His Father. If the priest is another Christ, if he wants to be a man for others, as he must, he must first be a man of God, a man of prayer, a man of holiness.*

Cardinal Simon Pimenta

